
31
ചൊവ്വ
ജനുവരി 2023
1198 മകരം 18

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 06
www.keralapranamam.com
infokeralapranamam@gmail.com



## ജനം നൽകിയത് ഗ്രനേഡല്ല; ഹൃദയങ്ങളെന്ന് രാഹുൽ

**ന്യൂഡൽഹി:**ഭാരത് ജോഡോ യാത്രയിൽ ജനങ്ങൾ നൽകിയത് ഗ്രനേഡല്ല , സ്നേഹം നിറഞ്ഞ ഹൃദയങ്ങളാണെന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി. യാത്രയിലുടനീളം ജനങ്ങൾ നൽകിയ സ്നേഹം പലപ്പോഴും വികാരാധീനനാക്കിയതായി അദ്ദേഹം പറഞ്ഞു.കനത്ത മഞ്ഞുവീഴ്ചയെ കൂസാതെയായിരുന്നു സമാപന സമ്മേളനത്തിലെ രാഹുലിന്റെപ്രസംഗം. കാശ്മീരിൽ വച്ച് ആക്രമണം ഉണ്ടാകുമെന്നായിരുന്നു മുന്നറിയിപ്പ്. എന്നാൽ ജനങ്ങൾ ഹൃദയം നിറഞ്ഞ സ്നേഹമാണ് നൽകിയത്. ഒരു ബി.ജെ.പി നേതാവിനും ഇതുപോലെ കാശ്മീരിലൂടെ പദയാത്ര നടത്താനാകില്ല. കാരണം, അവർക്ക് ഭയമാണ്.

പ്രിയപ്പെട്ടവർ കൊല്ലപ്പെട്ടതിന്റെ വേദനയറിഞ്ഞവരാണ് ഞാനും പ്രിയങ്കയും. നരേന്ദ്ര മോദിക്കോ അമിത് ഷായ്ക്കോ അജിത് ഡോവലിനോ ഉറ്റവരെ നഷ്ടപ്പെടുമ്പോഴുള്ള ആ വേദന അറിയില്ലെന്ന് ഇന്ദിരഗാന്ധിയുടെയും രാജീവ് ഗാന്ധിയുടെയും രക്തസാക്ഷിത്വം ഓർമ്മിപ്പിച്ച് രാഹുൽ പറഞ്ഞു. യാത്രയ്ക്ക് ഇറങ്ങി പുറപ്പെടുമ്പോൾ ഇത് പൂർത്തിയാക്കാനാകുമോയെന്ന് ഉറപ്പില്ലായിരുന്നു. ജനങ്ങളുടെ പിന്തുണ കൊണ്ടാണ് 3500 കിലോമീറ്റർ പിന്നിട്ട് യാത്ര പൂർത്തിയാക്കാൻ സാധിച്ചത്. ജനങ്ങളുടെ പിന്തുണ കണ്ണ് നനയ്ക്കുന്നതാണ്. യാത്രയിൽ ബുദ്ധിമുട്ടനുഭവിക്കുന്ന ഒരുപാട് പേരെ കണ്ടുമുട്ടി. നിരവധി സ്ത്രീകൾ കരഞ്ഞുകൊണ്ടാണ് വേദന നിറഞ്ഞ അനുഭവങ്ങൾ പങ്കുവച്ചത്. വെറുപ്പ് വിതയ്ക്കുന്ന കൊലപാതകങ്ങൾ ഇല്ലാതാക്കാനാണ് യാത്ര നടത്തിയത്. രാജ്യത്തിനായാണ് തന്റെ ഈ പോരാട്ടം. പരമ്പരാഗത കാശ്മീരി ഫെറാൻ ധരിച്ചാണ് രാഹുൽ ചടങ്ങിൽ പങ്കെടുത്തത്. ശ്രീനഗറിലെ ചെഷ്മ സാഹിയിലെ യാത്രയുടെ ക്യാമ്പ് സൈറ്റിൽ രാവിലെ രാഹുൽ ദേശീയ പതാകയുയർത്തി.

**മഞ്ഞിൽ കുളിച്ച്**
**രാഹുലും പ്രിയങ്കയും**

യാത്രയുടെ സമാപനത്തിന് തൊട്ട് മുമ്പ് കനത്ത മഞ്ഞുവീഴ്ച്ചയനുഭവപ്പെടുന്ന ശ്രീനഗറിലെ സമാപന സമ്മേളന സ്ഥലമായ ചെഷ്മ സാഹിയിൽ കൈകളിൽ മഞ്ഞ് കട്ടകളെടുത്ത് കൈകൾ പിന്നിൽ പിടിച്ച് സഹോദരി പ്രിയങ്കയുടെ സമീപമെത്തി അവരുടെ തലയിൽ ഇട്ട് ഓടുകയായിരുന്നു രാഹുൽ. രാഹുലിനെ വെറുതെ വിടാൻ പ്രിയങ്കയും തയ്യാറായില്ല. രാഹുലിന്റെ പിറകിലോടി കൈകൾ പിറകിൽ കൂട്ടി കെട്ടി നിറുത്തിയപ്പോൾ ഒരു കോൺഗ്രസ് പ്രവർത്തകൻ പ്രിയങ്കയ്ക്ക് മഞ്ഞുകട്ടകൾ നൽകി. അത് മുഴുവൻ പ്രിയങ്ക രാഹുലിന്റെ തലയിലിട്ടു. തുടർന്ന് ഇരുവരും കെട്ടിപ്പിടിക്കുന്ന വീഡിയോ നിമിഷനേരം കൊണ്ട് വൈറലായി. മൂന്ന് ലക്ഷത്തിലേറെപ്പേർ വീഡിയോ കണ്ടത്. മഞ്ഞുകട്ട കളിയിൽ നിന്ന് രക്ഷപ്പെടാൻ നോക്കിയ എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ.സി വേണുഗോപാലിന്റെതലയിലും രാഹുൽ മഞ്ഞ് കട്ടകൾ വാരിയിട്ടു.



പ്രണാമം മഹാത്മാവേ .. ഗാന്ധിജിയുടെ രക്തസാക്ഷിത്വ ദിനത്തിൽ രാജ്ഘട്ടിലെ സ്മൃതി കുടീരത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമ്മു ആദരം അർപ്പിക്കുന്നു

## പഴക്കംചെന്ന 9 ലക്ഷത്തിലധികം സർക്കാർ വാഹനങ്ങൾ ഏപ്രിൽ ഒന്നുമുതൽ പൊളിക്കും- നിതിൻ ഗഡ്കരി

ന്യൂഡൽഹി: കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, ട്രാൻസ്പോർട്ട് കോർപറേഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ളതും പതിനഞ്ചു വർഷത്തിൽ അധികം പഴക്കമുള്ളതുമായ വാഹനങ്ങൾ ഏപ്രിൽ ഒന്നുമുതൽ പൊളിച്ചു തുടങ്ങുമെന്ന് കേന്ദ്ര ഉപരിതല ഗതാഗതവകുപ്പുമന്ത്രി നിതിൻ ഗഡ്കരി. ഇത്തരത്തിലുള്ള ഒൻപതുലക്ഷത്തിലധികം വാഹനങ്ങളാണ് പൊളിക്കുക.



പതിനഞ്ച് കൊല്ലത്തിലധികം പഴക്കമുള്ള ഒൻപത് ലക്ഷത്തിലേറെ വാഹനങ്ങൾ പൊളിക്കാൻ അനുമതി നൽകിയിട്ടുണ്ട്. മലിനീകരണമുണ്ടാക്കുന്ന കാറുകളും ബസുകളും നിരത്തുകളിൽ ഇല്ലാതാകും. അവയ്ക്കുപകരം മറ്റ് ഇന്ധനസ്രോതസ്സുകളെ ആശ്രയിക്കുന്ന പുതിയ വാഹനങ്ങൾ നിരത്തിലെത്തും, ഗഡ്കരി പറഞ്ഞു. വായുമലിനീകരണം വലിയതോതിൽ കുറയ്ക്കാൻ ഇത് സഹായകമാകുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. എഥനോൾ, മെഥനോൾ, ബയോ-സി.എൻ.ജി., ബയോ-എൽ.എൻ.ജി., ഇലക്ട്രിക് വാഹനങ്ങൾ എന്നിവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കാൻ കേന്ദ്രസർക്കാർ പല ചുവടുവെപ്പുകളും നടത്തുന്നുണ്ടെന്നും ഗഡ്കരി പറഞ്ഞു. എഫ്.ഐ.സി.സി. സംഘടിപ്പിച്ച

## ഉറ്റവരെ നഷ്ടപ്പെടുന്ന വേദന അറിയാം, മോദിക്കും അമിത് ഷായ്ക്കും അത് മനസ്സിലാകില്ല– വികാരാധീനനായി രാഹുൽ

**ജമ്മു** കശ്മീരിലെ ശ്രീനഗറിൽ ഭാരത് ജോഡോ യാത്രയുടെ സമാപനവേളയിൽ നടത്തിയ പ്രസംഗത്തിൽ വികാരാധീനനായി കോൺഗ്രസ് എം.പി. രാഹുൽ ഗാന്ധി. കനത്തമഞ്ഞുവീഴ്ചയെ വകവെക്കാതെ, ഒത്തുചേർന്ന പ്രവർത്തകരെ അഭിസംബോധന ചെയ്യുന്ന രാഹുലിന്റെ ദൃശ്യങ്ങൾ ഇതിനകം വൈറലായിക്കഴിഞ്ഞു. പിതാവ് രാജീവ് ഗാന്ധിയുടെയും മുത്തശ്ശി ഇന്ദിരാ ഗാന്ധിയുടെയും കൊലപാതകങ്ങളേക്കുറിച്ചും അദ്ദേഹം വാചാലനായി. പ്രിയപ്പെട്ടവരെ നഷ്ടമാകുമ്പോഴുള്ള വേദനയെ കുറിച്ചും അദ്ദേഹം സംസാരിച്ചു. ആക്രമണങ്ങൾ നൽകുന്ന വേദന തനിക്ക് മനസ്സിലാക്കാൻ സാധിക്കുമെന്നും പുൽവാമ രക്തസാക്ഷികളുടെ ഉറ്റവരുടെ മനസ്സിലൂടെ എന്താണ് കടന്നുപോയതെന്ന് തനിക്ക് മനസ്സിലാക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു. നരേന്ദ്ര മോദിയെയും അമിത് ഷായെയും പോലുള്ള ബി.ജെ.പിയുടെ നേതാക്കൾക്കും ആർ.എസ്.എസ്. അംഗങ്ങൾക്കും ഈ വേദന മനസ്സിലാക്കാനാകില്ലെന്നും രാഹുൽ കൂട്ടിച്ചേർത്തു. ഭാരത് ജോഡോ യാത്രയിലെ അനുഭവങ്ങളെ കുറിച്ചും അദ്ദേഹം വാചാലനായി.



## ലക്ഷദ്വീപിൽ ഉപതിരഞ്ഞെടുപ്പ് മരവിപ്പിച്ചു; തീരുമാനം ഫൈസലിനെതിരായ ശിക്ഷാനടപടി ഹൈക്കോടതി സ്റ്റേ ചെയ്ത സാഹചര്യത്തിൽ

**ന്യൂഡൽഹി:** ലക്ഷദ്വീപ് ലോക്സഭ മണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പ് മരവിപ്പിച്ചു. തിരഞ്ഞെടുപ്പ് കമ്മീഷന്റേതാണ് തീരുമാനം.

ലക്ഷദ്വീപ് മുൻ എം പി മുഹമ്മദ് ഫൈസലിനെ കവരത്തി കോടതി വധശ്രമക്കേസിൽ ശിക്ഷിച്ചതോടെയാണ് ലക്ഷദ്വീപിൽ ഉപതിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചത്. എന്നാൽ ഫൈസലിനെതിരായ ശിക്ഷാനടപടി കേരള ഹൈക്കോടതി മരവിപ്പിച്ച സാഹചര്യത്തിലാണ് തിരഞ്ഞെടുപ്പ് മാറ്റിവച്ചത്.

അപ്പീലിൽ ഹൈക്കോടതി വിധി പറയാനിരിക്കെയാണ് കമ്മിഷൻ ഉപതിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതെന്നും ഇത് റദ്ദാക്കണമെന്നും ആവശ്യപ്പെട്ടുള്ള ഫൈസലിന്റെ ഹർജിയിൽ സുപ്രീംകോടതിയാണ് തിരഞ്ഞെടുപ്പ് കമ്മീഷന് നിർദ്ദേശം നൽകിയത്.

മുൻ കേന്ദ്രമന്ത്രി പി എം സെയ്ദിന്റെ മരുമകൻ മുഹമ്മദ് സ്വാലിഹിനെ 2009 ലെ ലോക്സഭാ തിരഞ്ഞെടുപ്പിന്റെ പ്രചാരണ സമയത്ത് ആക്രമിച്ചു കൊലപ്പെടുത്താൻ ശ്രമിച്ചെന്ന കേസിൽ കവരത്തി സെഷൻസ് കോടതിയാണ് മുഹമ്മദ് ഫൈസൽ, സയിദ് മുഹമ്മദ് നൂറുൽ അമീൻ, മുഹമ്മദ് ഹുസൈൻ തങ്ങൾ, മുഹമ്മദ് ബഷീർ എന്നിവർക്ക് പത്തു വർഷം വീതം തടവും ഓരോ ലക്ഷം രൂപ വീതം പിഴയും ശിക്ഷ വിധിച്ചത്. ഇതിനിടെയാണ് ക്രിമിനൽ കേസിൽ ശിക്ഷിക്കപ്പെട്ടെന്ന കാരണത്താൽ മുഹമ്മദ് ഫൈസലിനെ അയോഗ്യനാക്കി ലക്ഷദ്വീപിൽ ഫെബ്രുവരി 27ന് തിരഞ്ഞെടുപ്പ് നടത്താൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ വിജ്ഞാപനമിറക്കിയത്. കവരത്തി കോടതിയുടെ കുറ്റവും ശിക്ഷയും ഹൈക്കോടതി സ്റ്റേ ചെയ്ത സാഹചര്യത്തിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ ഉപതിരഞ്ഞെടുപ്പ് മരവിപ്പി ക്കുകയായിരുന്നു.

## തൃശൂരിൽ വെടിക്കെട്ട് പുരയിൽ സ്ഫോടനം, ഒരാൾക്ക് ഗുരുതര പരിക്ക്

**തൃശൂർ:** വടക്കാഞ്ചേരി കുണ്ടന്നൂരിൽ വെടിക്കെട്ട് പുരയിലുണ്ടായ സ്ഫോടനത്തിൽ ഒരാൾക്ക് പരിക്കേറ്റു. ചേലക്കര സ്വദേശി മണിയെന്ന ആൾക്കാണ് ഗുരുതരമായി പരിക്കേറ്റത് .

പത്ത് കിലോമീറ്റർ അകലെ വരെ പ്രകമ്പനമുണ്ടായതായി നാട്ടുകാർ പറയുന്നു. വെടിക്കെട്ട് പുര പൂർണമായി കത്തി നശിച്ചു. വെടിക്കെട്ട് പുരയിൽ ഒരാൾ മാത്രമാണ് ഉണ്ടായിരുന്നതെന്നാണ് സൂചന. ശ്രീനിവാസൻ എന്നയാളുടെ പേരിലാണ് വെടിക്കെട്ട് പുരയുടെ ലൈസൻസ്,

ഓട്ടുപാറ അത്താണി മേഖലയിലും കുലുക്കം റിപ്പോർട്ട് ചെയ്തു. രണ്ട് സ്ഫോടനങ്ങളാണ് ഉണ്ടായത്. സ്ഫോടനത്തിന്റെ പ്രകമ്പനം കൊണ്ട് ആളുകൾ വീടുകളിൽ നിന്ന് ഇറങ്ങിയോടുകയായിരുന്നു. തീ അണയ്ക്കാനുള്ള ശ്രമം തുടരുകയാണ്. അപകടത്തിന്റെ കാരണം അറിവായിട്ടില്ല.








കേരള പ്രണാമം
സത്യം വദഃ ധർമ്മം ചരഃ
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച



ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി

## നഗരസഭാ തട്ടിപ്പ്

ഒരുകാലത്ത് രാജ്യത്തെ മുൻനിര തദ്ദേശ സ്ഥാപനങ്ങളിൽ ഒന്നാം നിരയിൽ നിന്നിരുന്ന തിരുവനന്തപുരം നഗരസഭ ഇന്ന് വാർത്തകളിൽ നിറയുന്നത് അരുതാത്ത ചെയ്തികളുടെ പേരിലാണ്. പല രൂപത്തിലും ഭാവത്തിലുമുള്ള തട്ടിപ്പുകളും തരികിടകളുമാണ് അവിടെ നടന്നുവരുന്നത്. മേയറുടെ ഒപ്പുപതിഞ്ഞ ശുപാർശക്കത്തിന്റെ ബലത്തിൽ പിൻവാതിൽ നിയമനനീക്കം നടന്നതും നഗരസഭാ കാര്യാലയം യുദ്ധക്കളമായതും ഈയിടെയാണ്. സോണൽ ഓഫീസുകളിൽ നടക്കുന്ന തിരിമറികളും പണാപഹരണവും സംബന്ധിച്ച വാർത്തകൾക്കും പഞ്ഞമില്ല.

ഏറ്റവും ഒടുവിൽ പാവപ്പെട്ട സ്ത്രീകളുടെ പേരിൽ അവിടെനടന്ന ഒരു വമ്പൻ വെട്ടിപ്പ് സി.എ.ജി കണ്ടുപിടിച്ചതിന്റെ വാർത്ത കഴിഞ്ഞ ദിവസം ഞങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. ഗുണഭോക്താക്കളിൽ എത്തേണ്ട സബ്സിഡി ഉദ്യോഗസ്ഥർ ചേർന്ന് വീതിച്ചെടുത്തതിന്റെ തെളിവുകളാണ് സി.എ.ജി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. ഒന്നും രണ്ടുമല്ല അഞ്ചുകോടി അറുപതു ലക്ഷം രൂപയുടെ സബ്സിഡി വെട്ടിപ്പാണ് കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷങ്ങളിലായി നടന്നിരിക്കുന്നത്. പതിവുപോലെ ഈ സംഭവത്തിലും ഒച്ചപ്പാടും അന്വേഷണ പ്രഹസനവുമൊക്കെ നടന്നേക്കാം. കുറ്റം ചെയ്തവർ തന്ത്രപരമായി രക്ഷപ്പെടാനുള്ള സാദ്ധ്യതകളും കുറവല്ല. ഇപ്പോൾ കണ്ടെത്തിയ സബ്സിഡി വെട്ടിപ്പിനെക്കുറിച്ച് അറിയാൻ യുക്തമായ ഏജൻസിയെ അന്വേഷണം ഏല്പിക്കണമെന്നാണ് സി.എ.ജി ശുപാർശ ചെയ്തിരിക്കുന്നത്.

പൊതു – പട്ടികജാതി വിഭാഗങ്ങളിലെ സ്ത്രീകളുടെ ഗ്രൂപ്പുകൾക്ക് ചെറുകിട സംരംഭങ്ങൾ തുടങ്ങാൻ മൂന്നുലക്ഷം രൂപ സബ്സിഡി നല്കാനുള്ള പദ്ധതിയിലാണ് അട്ടിമറി നടന്നിരിക്കുന്നത്. വ്യാജ അക്കൗണ്ടുകളും ഇൻവോയിസും ഉണ്ടാക്കി പദ്ധതിയുടെ ചുമതലയുള്ളവരാണ് സ്ത്രീകളുടെ പേരിൽ സബ്സിഡി തുക സ്വന്തം പോക്കറ്റുകളിലാക്കിയത്. സർവീസ് സഹകരണ സംഘങ്ങൾക്ക് ബിസിനസ് സംരംഭങ്ങൾക്ക് വായ്പ അനുവദിക്കാൻ വകുപ്പില്ലെന്നിരിക്കെ, സബ്സിഡിക്കായി സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ പലതും സഹകരണ ബാങ്ക് അക്കൗണ്ടുള്ളവരുടേതാണ്. കഴിഞ്ഞ രണ്ടുവർഷത്തിനിടെ 215 ഗ്രൂപ്പുകൾ സബ്സിഡി ആനുകൂല്യം പറ്റിയതിൽ പത്തെണ്ണം മാത്രമാണ് ദേശസാത്കൃത – വാണിജ്യ ബാങ്കുകളുമായി ബന്ധപ്പെട്ടവ. ശേഷിക്കുന്നവയത്രയും സഹകരണ ബാങ്കുകളുടെ വ്യാജ അക്കൗണ്ടുകളുടെ ബലത്തിൽ സബ്സിഡി നേടിയതാണ്. വായ്പാതിരിച്ചടവു പൂർത്തിയാകുമ്പോൾ നഗരസഭയാണ് സബ്സിഡി തുക ബാങ്കുകളിലേക്ക് അടയ്ക്കുന്നത്. ഇങ്ങനെ ബാങ്കിലെത്തുന്ന തുക തട്ടിപ്പിനു പിന്നിൽ പ്രവർത്തിക്കുന്നവർ ഇടനിലക്കാരായി നിന്ന് തട്ടിയെടുത്തതായാണ് വിവരം.

ദുർബല ജനവിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി കൊണ്ടുവരുന്ന ഏതു നല്ല പദ്ധതിയും ഉദ്യോഗസ്ഥരും രാഷ്ട്രീയക്കാരും ചേർന്ന് സ്വന്തമാക്കി നേട്ടമുണ്ടാക്കുന്നത് പതിവാണ്. വെട്ടിപ്പിനുള്ള ധാരാളം പഴുതുകളിട്ടുകൊണ്ടാവും ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുന്നതുതന്നെ. ദാരിദ്ര്യനിർമ്മാർജ്ജനം, സ്ത്രീശാക്തീകരണം, പട്ടികജാതി – പട്ടിക വർഗക്ഷേമം പദ്ധതികളിൽ പലതരത്തിലുള്ള വെട്ടിപ്പുകൾ ഇപ്പോഴും ഏറിയും കുറഞ്ഞും നടക്കുന്നുണ്ട്. ആദിവാസി ക്ഷേമത്തിനുവേണ്ടി സ്വാതന്ത്ര്യാനന്തരം വൻതോതിൽ പണം മുടക്കിയിട്ടും ആ ജനവിഭാഗങ്ങൾ ഇപ്പോഴും കൊടിയ ദാരിദ്ര്യത്തിലും നരകതുല്യമായ ജീവിതസാഹചര്യങ്ങളിലുമാണ് കഴിയുന്നത്.

തിരുവനന്തപുരം നഗരസഭയിൽ ഇപ്പോൾ വെളിച്ചത്തുവന്ന സബ്സിഡി വെട്ടിപ്പിനെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാരെ നിയമത്തിനു മുന്നിൽ കൊണ്ടുവരണം. പാവപ്പെട്ട സ്ത്രീജനങ്ങൾക്ക് ഉപകാരപ്പെടേണ്ട പണം ആർത്തിമൂത്ത ഒരുപറ്റം ഉദ്യോഗസ്ഥരും അവരുടെ പിണിയാളുകളും ചേർന്ന് തട്ടിയെടുക്കാൻ അനുവദിച്ചുകൂടാ



# ജനാധിപത്യത്തിന്റെ മുഖ്യശത്രു അഴിമതി; നയപരമായ മരവിപ്പ് ഇപ്പോഴില്ല – രാഷ്ട്രപതി

പാർലമെന്റിന്റെ ഇരു സഭകളെയും സംബോധന ചെയ്യുവാനായി രാഷ്ട്രപതി ദ്രൗപദി മുർമു എത്തുന്നു. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, സ്പീക്കർ ഓം ബിർല സമീപം.

ന്യൂഡൽഹി: ജനാധിപത്യത്തിന്റെ മുഖ്യശത്രു അഴിമതിയാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. അഴിമതിക്കെതിരായ നിരന്തര യുദ്ധം തുടരുമെന്നും അഴിമതി രഹിത സമൂഹമാണ് ലക്ഷ്യമെന്നും രാഷ്ട്രപതി പറഞ്ഞു. ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി പാർലമെന്റിൽ ഇരുസഭകളുടെയും സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്ത സംസാരിക്കുകയായിരുന്നു രാഷ്ട്രപതി.

ലോകം ഇന്ത്യയെ ഉറ്റുനോക്കുകയാണ്. ലോകത്തെ അഞ്ചാമത്തെ സാമ്പത്തിക ശക്തിയായി ഇന്ത്യ മാറി. രാജ്യത്തിന് അമൃത് കാലമാണിതെന്നും വികസന പാതയിലാണ് രാജ്യം മുന്നേറുന്നതെന്നും പറഞ്ഞ രാഷ്ട്രപതി മോദി സർക്കാരിന്റെ നേട്ടങ്ങളും അഭിസംബോധനയിൽ എടുത്തുപറഞ്ഞു. നയപരമായ മരവിപ്പ് ഇപ്പോഴില്ലെന്നും യുപിഎ സർക്കാരിനെ പരോക്ഷമായി വിമർശിച്ചുകൊണ്ട് രാഷ്ട്രപതി പറഞ്ഞു.

എല്ലാ മേഖലയിലുമുള്ള വികസനവും ദാരിദ്രമില്ലാത്ത രാജ്യം കെട്ടിപ്പടുക്കുകയുമാണ് ലക്ഷ്യം. യുവാക്കളുടെയും വനിതകളുടെയും കഴിവുകൾ പ്രയോജനപ്പെടുത്തണം. പ്രകൃതിയെ സംരക്ഷിച്ച് മുന്നോട്ടുപോകുന്ന സർക്കാരാണിത്. സാങ്കേതിക രംഗത്ത് മുൻതൂക്കം നേടാനായി. ഭീകരതയ്ക്ക് എതിരേയുള്ള കടുത്ത നടപടി തുടരുമെന്നും മിന്നലാക്രമണത്തെ ഉൾപ്പെടെ പരാമർശിച്ചുകൊണ്ട് രാഷ്ട്രപതി പറഞ്ഞു.

കോവിഡ് കാലത്ത് സർക്കാർ പാവപ്പെട്ടവർക്ക് എല്ലാ സഹായവും നൽകി. ജൻധൻ യോജന കോവിഡ് പ്രതിസന്ധി വേളയിൽ ഉപകാരപ്രദമായി. ജനങ്ങൾക്ക് സാമ്പത്തിക സഹായം എത്തിക്കാനായി. പാവപ്പെട്ടവർക്ക് ചികിത്സ ഉറപ്പാക്കി. ദളിത്, ആദിവാസി വിഭാഗങ്ങളെ ചേർത്തുനിർത്തിയ സർക്കാർ അവരെ സ്വപ്നം കാണാൻ പ്രാപ





# പാകിസ്ഥാനിലെ പെഷവാറിൽ പള്ളിയിൽ ചാവേർ ആക്രമണം; 25 പേർ കൊല്ലപ്പെട്ടു, 120 പേർക്ക് ഗുരുതര പരിക്ക്

പെഷവാർ: പാകിസ്ഥാനിലെ പെഷവാറിൽ പള്ളിയിലുണ്ടായ സ്ഫോടനത്തിൽ 25 പേർ കൊല്ലപ്പെടുകയും 120പേർക്ക് പരിക്കേൽക്കുകയും ചെയ്തു.

ഇതിൽ പലരുടെയും നില ഗുരുതരമാണ്.മരണസംഖ്യ ഉയരാൻ സാദ്ധ്യതയുണ്ട്. നമസ്കാരത്തിന് ശേഷം ഉച്ചയ്ക്ക് 1.40ഓടെയാണ് സ്ഫോടനമുണ്ടായത്.

സ്ഫോടനത്തിൽ പള്ളിയുടെ ഒരു വശം പൂർണമായും തകർന്നു. ഇതിന്റെ വീഡിയോയും സമൂഹമാദ്ധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്. പ്രാർത്ഥനാസമയത്ത് പള്ളിയ്ക്കുള്ളിൽ പ്രവേശിച്ച ഒരാൾ ചാവേർ ആക്രമണം നടത്തുകയായിരുന്നു എന്നാണ് റിപ്പോർട്ട്.

പരിക്കേറ്റവരെ പെഷവാറിലെ ലേഡി റീഡിംഗ് ആശുപത്രിയിലേയ്ക്ക് മാറ്റിയതായി അധികൃതർ അറിയിച്ചു. ഇവരിൽ 13പേരുടെ നില അതീവ ഗുരുതരമാണെന്ന് ആശുപത്രി അധികൃതർ അറിയിച്ചു. പ്രദേശത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിട്ടുണ്ട്

# ബിജെപിയുമായി വീണ്ടും കൈകോർക്കുന്നതിനേക്കാൾ നല്ലത് മരിക്കുന്നതാണെന്ന് ബീഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ



പട്ന : ജീവിച്ചിരിക്കുന്നതു വരെ താൻ ബിജെപിയുമായി വീണ്ടും കൂട്ടുകൂടില്ലെന്ന് ബീഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ.

'മരണം വരെ ബിജെപിക്കൊപ്പം പോകില്ല. ഞാൻ മരണം സ്വീകരിക്കും എന്നാൽ ബിജെപക്കൊപ്പം പോകില്ല', മുഖ്യമന്ത്രി നിതീഷ് കുമാർ പറഞ്ഞു. മുഖ്യമന്ത്രിയാവാൻ തനിക്ക് ആഗ്രഹമില്ലായിരുന്നെന്നും, എന്നാൽ ബിജെപി തന്നെ ബലമായി മുഖ്യമന്ത്രിയാക്കിയെന്നും അദ്ദേഹം പറഞ്ഞു. ബി ജെ പിയുടെ ഇപ്പോഴത്തെ നേതൃത്വത്തെയും നിതീഷ് വിമർശിച്ചു. അടൽ ബിഹാരി വാജ്പേയിയുടെയും ലാൽ കൃഷ്ണ അദ്വാനിയുടെയും കാലഘട്ടവുമായി താരതമ്യപ്പെടുത്തിയായിരുന്നു മുഖ്യന്റെ വിമർശനം. 'ഞങ്ങൾ അടൽ ബിഹാരി വാജ്പേയിയെയും, ലാൽ കൃഷ്ണ അദ്വാനിയെയും ബഹുമാനിച്ചിരുന്നു, അതിനാൽ അവർക്ക് എപ്പോഴും അനുകൂലമായിരുന്നു,' അദ്ദേഹം അഭിപ്രായപ്പെട്ടു.

നിതീഷ് കുമാറുമായി ഇനി സഖ്യത്തിൽ ഏർപ്പെടുന്ന പ്രശ്നം ഉദിക്കുന്നില്ലെന്ന് ബിജെപി ബീഹാർ ഘടകം അദ്ധ്യക്ഷൻ ജയ്സ്വാൾ നേരത്തെ പറഞ്ഞിരുന്നു. 'നിതീഷ് കുമാർ ജനപ്രീതി നേടിയിട്ടില്ല. അദ്ദേഹത്തിന്റെ ജനപ്രീതി ഇല്ലായ്മയാണ് 2020ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ ജെഡിയുവിന് നിരവധി സീറ്റുകൾ നഷ്ടമാക്കിയത്,' ബി ജെ പി അദ്ധ്യക്ഷൻ പറഞ്ഞു. അതേസമയം തിരഞ്ഞെടുപ്പുകളിൽ ബിജെപി മികച്ച പ്രകടനം കാഴ്ചവച്ചതായി ജയ്സ്വാൾ പറഞ്ഞു.

എന്നാൽ ബി ജെ പിയുമായി സഖ്യം കൂടില്ലെന്ന് ഇതിന് മുൻപും നിതീഷ് കുമാർ പറഞ്ഞിട്ടുണ്ട്.

മുൻപ് ബി ജെ പിയുമായുള്ള സഖ്യം ഉപേക്ഷിച്ച് മഹാഗത്ബന്ധനുമായി കൈകോർത്തതിന് ശേഷം 'എന്റെ ജീവിതത്തിലുടനീളം ഞാൻ ഒരു തരത്തിലും ഈ ആളുകൾക്കൊപ്പം പോകില്ല, ഞങ്ങൾ എല്ലാവരും സോഷ്യലിസ്റ്റുകളാണ്, ഞങ്ങൾ ഒരുമിച്ച് നിൽക്കും, ഞങ്ങൾ ബീഹാറിൽ പുരോഗതി പ്രാപിക്കും. രാജ്യത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കും.' എന്നായിരു




## ബിബിസി ഡോക്യുമെന്ററി; വിലക്കിനെതിരായ ഹർജികൾ ഫെബ്രുവരി ആറിന് സുപ്രീം കോടതി പരിഗണിക്കും

**ന്യൂഡൽഹി:** ബിബിസി ഡോക്യുമെന്ററിക്ക് സമൂഹ മാധ്യമങ്ങളിലും മറ്റും ഏർപ്പെടുത്തിയ വിലക്കിനെതിരായ ഹർജി ഫെബ്രുവരി 6 ന് സുപ്രീം കോടതി പരിഗണിക്കും. ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ചാണ് ഇക്കാര്യം വ്യക്തമാക്കിയത്.

വിലക്ക് ഏറെപ്പെടുത്തിയ കേന്ദ്ര സർക്കാർ നടപടി ഏകപക്ഷീയവും ഭരണഘടനാവിരുദ്ധവുമാണെന്ന് ആരോപിച്ച് അഭിഭാഷകനായ എം.എൽ.ശർമ ആണ് സുപ്രീം കോടതിയിൽ ഹർജി ഫയൽ ചെയ്തത്. ഡോക്യുമെന്ററിയുടെ രണ്ടു ഭാഗങ്ങളും കോടതി പരിശോധിക്കണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

ബിബിസി ഡോക്യുമെന്ററിയും ആയി ബന്ധപ്പെട്ട തങ്ങളുടെ ട്വീറ്റുകൾ നീക്കിയതിന് എതിരെ മുതിർന്ന മാധ്യമ പ്രവർത്തകൻ എൻ റാമും, അഭിഭാഷകൻ പ്രശാന്ത് ഭൂഷണും സുപ്രീം കോടതിയെ സമീപിച്ചു. ഈ ഹർജിയും അടുത്ത തിങ്കളാഴ്ച്ച പരിഗണിക്കുമെന്ന് സുപ്രീം കോടതി അറിയിച്ചു.

ലോകചരിത്രത്തിലാദ്യമായി
22 മണിക്കൂർ 10 മിനിറ്റ് തുടർച്ചയായി
വിഷ്വൽ കഥാപ്രസംഗം അവതരിപ്പിച്ച്
URF-ASIAN RECORD & WORLD RECORD കരസ്ഥമാക്കിയ
ഡോ. നിരണം രാജൻ
അവതരിപ്പിക്കുന്ന
പുണ്യപുരാണ വിഷ്വൽ കഥാപ്രസംഗം

നിരണം പി.ഒ., തിരുവല്ല, പത്തനംതിട്ട. ഫോൺ: 98470 31647
സൗണ്ട് സിസ്റ്റവും ലൈറ്റ് സിസ്റ്റവും ഞങ്ങൾ കൊണ്ടുവരുന്നതാണ്

വിഷ്വൽ നാടൻപാട്ട്
ശംഖൊലി
സംവിധാനം: Dr. നിരണം രാജൻ
നിരണം പി. ഒ., തിരുവല്ല, പത്തനംതിട്ട
Ph: 98470 31647



ആലുവ ജനസേവയുടെ നൂതന പദ്ധതിയായ 'പഠനത്തിൽ മികവു പുലർത്തുന്ന വിദ്യാർത്ഥികൾക്കുള്ള സൈക്കിൾദാന' പരിപാടിയുടെ ജില്ലാതല ഉത്ഘാടനം പത്മശ്രീ ഡോ. ടോണി ഫെർണാണ്ടസ് നിർവ്വഹിക്കുന്നു.

# ജനസേവ സൈക്കിൾദാന പദ്ധതി പത്മശ്രീ ഡോ. ടോണി ഫെർണാണ്ടസ് ഉത്ഘാടനം ചെയ്തു

ആലുവ: ജനസേവയുടെ നൂതന പദ്ധതിയായ 'പഠനത്തിൽ മികവു പുലർത്തുന്ന വിദ്യാർത്ഥികൾക്കുള്ള സൈക്കിൾദാന' പരിപാടിയുടെ ജില്ലാതല ഉത്ഘാടനം പത്മശ്രീ ഡോ. ടോണി ഫെർണാണ്ടസ് നിർവ്വഹിച്ചു. സാധാരണക്കാരുടെ മക്കൾ പഠിക്കുന്ന സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ആലുവ ഗവൺമെന്റ് ഗേൾസ് ഹയർസെക്കന്ററി സ്കൂളിലെ പഠനത്തിൽ മികവു പുലർത്തിയ 6 വിദ്യാർത്ഥിനികൾക്ക് സൈക്കിൾ സമ്മാനിച്ചാണ് അദ്ദേഹം ചടങ്ങ് നിർവ്വഹിച്ചത്. 1996 ൽ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൗജന്യ ഉച്ചഭക്ഷണ പദ്ധതി ആരംഭിച്ച അതേ വേദിയിൽതന്നെ 27 വർഷങ്ങൾക്ക് ശേഷം അന്ന് സന്നിഹിതനായിരുന്ന എനിക്ക് ആലുവ ജനസേവയുടെ മറ്റൊരു ജീവകാരുണ്യ പദ്ധതി ആരംഭിക്കുന്നതിൽ ഭാഗഭാക്കാകാൻ കഴിഞ്ഞതിൽ അഭിമാനമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. സ്വാർത്ഥമതികളായ ഏതാനും സർക്കാർ ഉദ്യോഗസ്ഥരുടെ ഗൂഢാലോചനയിൽ വ്യാജാരോപണങ്ങൾ നിരത്തി 2018 ൽ സർക്കാർ ജനസേവ ശിശുഭവന്റെ നിയന്ത്രണം ഏറ്റെടുക്കുകയും ഇതരസംസ്ഥാനക്കാരായ കുട്ടികളെ ജനസേവയിൽ പാർപ്പിക്കാൻ അനുവദിക്കില്ലെന്ന് പറഞ്ഞ് ജനസേവ ശിശുഭവൻ 2021 ൽ പൂട്ടിക്കുകയും ചെയ്തു. എന്നാൽ കൂടുതൽ ശക്തിയോടെ ജനസേവ വീണ്ടും നിർധന വിദ്യാർത്ഥികളുടെസഹായത്തിനെത്തുകയാണെന്ന് ജനസേവ സ്ഥാപകൻ ജോസ് മാവേലി പറഞ്ഞു. ആലുവ നഗരസഭ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഫാസിൽ ഹുസൈൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജനസേവ സ്ഥാപകൻ ജോസ് മാവേലി, സ്കൂൾ പ്രിൻസിപ്പൽ ബിന്ധു കെ. എം., വാർഡ് കൗൺസിലർ മിനി ബൈജു, ജനസേവ ഭാരവാഹികളായ അഡ്വ. ചാർളി പോൾ, ഡോ. സി.എം. ഹൈദരാലി, ചിന്നൻ പൈനാടത്ത്, ജോബി തോമസ് തുടങ്ങിയവർ പങ്കെടുത്തു.

1996 ൽ സന്മനസുള്ളവരുടെ കൂട്ടായ്മയിൽ ആരംഭിച്ച ആലുവ ജനസേവ നിരവധി പ്രതിസന്ധികളെ തരണം ചെയ്ത് വീണ്ടും മുന്നോട്ട് കുതിക്കുകയാണ്. കുട്ടികൾക്കായുള്ള സൗജന്യ ഉച്ചഭക്ഷണ പരിപാടിയും നിർധന വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ്പ് പരിപാടിയും ആലുവ ജനസേവയുടെ ആദ്യപദ്ധതികളായിരുന്നു. 1999 ൽ തെരുവിലലയുന്ന കുട്ടികളുടെ സംരക്ഷണത്തിനായി ജനസേവ ശിശുഭവനും ആരംഭിച്ചു. 24 വർഷംകൊണ്ട് രണ്ടായിത്തോളം കുട്ടികളെ തെരുവിലെ ക്രൂരതകളിൽനിന്നും രക്ഷിച്ച് സന്തോഷ് ട്രോഫി താരമുൾപ്പെടെ നിരവധി ജില്ലാ സംസ്ഥാന കായിക താരങ്ങൾ, ബാങ്ക് ജീവനക്കാർ, നഴ്സ്മാർ, പോലീസ് ഉദ്യോഗസ്ഥൻ, ആയുർവേദ തെറാപ്പിസ്റ്റുമാർ, ഫാഷൻ ഡിസൈനർമാർ, ബ്യൂട്ടീഷൻമാർ, ഷെഫുമാർ, ഇതര സ്റ്റാർ ഹോട്ടൽ ജീവനക്കാർ, ടെക്സ്റ്റൈൽ ജീവനക്കാർ, ഓഫീസ് ജീവനക്കാർ, കമ്പനി തൊഴിലാളികൾ തുടങ്ങി സ്വദേശത്തും വിദേശത്തുമായി ജോലി ചെയ്യുന്നവരുടെ ഒരു നീണ്ട നിരതന്നെ ജനസേവയുടെ അഭിമാനമായി ഇന്ന് സമൂഹത്തിന്റെ മുഖ്യധാരയിലുണ്ട്.

# സ്വന്തമായി 70 കാറുകൾ, ലക്ഷങ്ങൾ വിലമതിക്കുന്ന തോക്കുകൾ; കൊല്ലപ്പെട്ടത് ഒഡിഷയിലെ കുബേരനായ മന്ത്രി

ഭുവനേശ്വർ: കൊവിഡ് കാലത്ത് ഏറ്റവും മികച്ച രീതിയിൽ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയ ആരോഗ്യമന്ത്രിയാണ് കൊല്ലപ്പെട്ട നബ കിഷോർ ദാസ്.

മുഖ്യമന്ത്രിയുടെ വിശ്വസ്തനായ ഇദ്ദേഹം മന്ത്രിസഭയിലെ അതിസമ്പന്നനാണ്. അദ്ദേഹത്തിന്റെ കാർ ശേഖരങ്ങളുടെയും സമ്പത്തിന്റെയും വിവരങ്ങളാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്.

കൽക്കരി ഖനികളുടെ കേന്ദ്രമായ ഝർസഗുഡയിൽ മന്ത്രിക്ക് വ്യാപാരതാൽപര്യങ്ങളുള്ളതായി നേരത്തേ ആരോപണങ്ങൾ ഉണ്ടായിരുന്നു. കാറുകൾ ഏറെ ഇഷ്ടപ്പെട്ടിരുന്ന അദ്ദേഹത്തിന് സ്വന്തമായി 70ഓളം കാറുകൾ ഉണ്ടായിരുന്നു എന്നാണ് റിപ്പോർട്ട്. വ്യവസായി കൂടിയായ മന്ത്രിയ്ക്ക് സ്വന്തമായി ഹോട്ടൽ ശൃംഖലകളും ട്രാൻസ്പോർട്ട് ബിസിനസും ഉണ്ട്. കഴിഞ്ഞ വർഷം സർക്കാരിന് സമർപ്പിച്ച രേഖകൾ പ്രകാരം 34 കോടിയുടെ ആസ്തി ഉണ്ടെന്നാണ് വ്യക്തമാക്കുന്നത്. 1.14 കോടിയുടെ ബെൻസ് ഉൾപ്പെടെ 15 കോടിയോളം രൂപ വിലമതിക്കുന്ന കാറുകളാണ് ഇദ്ദേഹത്തിന് സ്വന്തമായി ഉണ്ടായിരുന്നത്.

1.75 ലക്ഷം രൂപയുടെ ഡബിൾ ബാരൽ ഗൺ, 1.25 ലക്ഷം വിലവരുന്ന റൈഫിൾ, 55,000 വിലവരുന്ന റിവോൾവർ ഉൾപ്പെടെയുള്ള ആയുധങ്ങളും ഇദ്ദേഹത്തിന്റെ പക്കൽ ഉണ്ടായിരുന്നതായി റിപ്പോർട്ടിൽ പറയുന്നു. ഭുവനേശ്വർ, ഡൽഹി, കൊൽക്കത്ത, ഒഡീഷ തുടങ്ങിയ വിവധയിടങ്ങളിലായി നിരവധി ഭൂസ്വത്തുക്കൾ ഉണ്ടായിരുന്നുവെന്നാണ് റിപ്പോർട്ട്. മകനാണ് കുടുംബ ബിസിനസ് നോക്കി നടത്തുന്നത്. ദാസിന്റെ രാഷ്ട്രീയകാര്യങ്ങൾ നോക്കിയിരുന്നത് മകൾ ദിപാലി ദാസ് ആയിരുന്നു. അടുത്തിടെ ഒരുകോടിയിലേറെ വിലമതിക്കുന്ന 1.75 കിലോ സ്വർണം കൊണ്ട് നിർമ്മിച്ച പാത്രം മഹാരാഷ്ട്രയിലെ ഒരു ക്ഷേത്രത്തിൽ അദ്ദേഹം നൽകിയത് വാർത്തയായിരുന്നു.



കഴിഞ്ഞ ദിവസമാണ് സുരക്ഷാ ഡ്യൂട്ടിയിലുണ്ടായിരുന്ന അസിസ്റ്റന്റ് സബ് ഇൻസ്പെക്ടറുടെ വെടിയേറ്റ് ഒഡിഷയിലെ ആരോഗ്യ-കുടുംബക്ഷേമ മന്ത്രിയും ബി ജെ ഡി നേതാവുമായ നബ കിഷോർ ദാസ് കൊല്ലപ്പെട്ടത്. ഓടി രക്ഷപ്പെടാൻ ശ്രമിച്ച എ എസ് ഐ ഗോപാൽ ദാസിനെ പൊലീസ് കസ്റ്റഡിയിലെടുത്തു. ഇയാൾ എട്ട് വർഷമായി മാനസികാസ്വാസ്ഥ്യത്തിന് ചികിത്സയിലാണെന്നും മന്ത്രിയുമായി വ്യക്തി വൈരാഗ്യമൊന്നും ഇല്ലായിരുന്നെന്നുമാണ് ഭാര്യയുടെ മൊഴി. മന്ത്രിയുടെ സുരക്ഷാ ഉദ്യോഗസ്ഥനായ ഇയാൾ ഔദ്യോഗിക റിവോൾവർ ഉപയോഗിച്ചാണ് വെടി വച്ചത്. ഉച്ചയ്ക്ക് ഒരുമണിയോടെ ജാർസുഗുഡ ജില്ലയിൽ ബ്രജരാജ് നഗറിലെ ഗാന്ധി ചൗക്കിൽ പരിപാടിയിൽ പങ്കെടുക്കാനെത്തിയ മന്ത്രി കാറിൽ നിന്നിറങ്ങുമ്ബോൾ ഗോപാൽ ദാസ് തൊട്ടടുത്തു നിന്ന് വെടിവയ്ക്കുകയായിരുന്നു.

ഇടതു നെഞ്ചിൽ രണ്ടു വെടിയേറ്റ മന്ത്രിയെ അതീവ ഗുരുതരാവസ്ഥയിൽ ഹെലികോപ്റ്ററിൽ ഭുവനേശ്വറിലെ അപ്പോളോ ആശുപത്രിയിൽ എത്തിച്ചെങ്കിലും രാത്രി മരണം സംഭവിച്ചു. ഒരു വെടിയുണ്ട ഹൃദയവും ഇടതു ശ്വാസകോശവും തുളച്ച് ശരീരത്തിന് പുറത്തേക്ക് പോയിരുന്നു. ആന്തരിക രക്തസ്രാവമാണ് മരണകാരണമെന്ന് ആശുപത്രി അധികൃതർ അറിയിച്ചു. മന്ത്രിക്ക് വെടിയേല്ക്കുന്ന ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. മുഖ്യമന്ത്രി നവീൻ പട്നായിക് ക്രൈംബ്രാഞ്ച് അന്വേഷണത്തിന് ഉത്തരവിട്ടു.

മൂന്ന് തവണ ജാർസുഗുഡ എം.എൽ.എയായിരുന്നു നബ കിഷോർ ദാസ് . 2009ലും 2014ലും കോൺഗ്രസ് ടിക്കറ്റിൽ ജയിച്ച അദ്ദേഹം 2019ലെ തിരഞ്ഞെടുപ്പിന് മുമ്ബ് കോൺഗ്രസ് വിട്ട് ബി.ജെ.ഡിയിൽ ചേരുകയായിരുന്നു. ഒഡീഷ പ്രദേശ് കോൺഗ്രസ് കമ്മിറ്റി



# തെറ്റുപറ്റാത്തവരായി ആരെങ്കിലും ഉണ്ടോ? വളർന്നു വരുന്ന യുവ വനിതാ നേതാവിനെ വേട്ടയാടുകയാണ്, ചിന്തയ്ക്ക പിന്തുണയുമായി ഇ പി ജയരാജൻ

**കണ്ണൂർ** : വാഴക്കുല എന്ന കാലാതീത കവിതയുടെ രചയിതാവിനെ തെറ്റിച്ചെഴുതി, ചങ്ങമ്ബുഴയെയും വൈലോപ്പിള്ളിയെയും അപമാനിച്ചെന്ന ആക്ഷേപം കേൾക്കുന്ന യുവജനകമ്മിഷൻ അദ്ധ്യക്ഷ ചിന്താ ജെറോമിന് പരസ്യ പിന്തുണയുമായി എൽ ഡി എഫ് കൺവീനറും, മുതിർന്ന സി പി എം നേതാവുമായ ഇ പി ജയരാജൻ. വളർന്നു വരുന്ന ഒരു യുവ വനിതാ നേതാവിനെ സ്ഥാപിത ലക്ഷ്യങ്ങൾ വച്ചുകൊണ്ട് വേട്ടയാടുകയാണെന്നും യുവജന കമ്മീഷൻ ചെയർപേഴ്സണിന്റെ ശമ്ബളം നിശ്ചയിക്കുന്നതും ആനുകൂല്യങ്ങൾ തീരുമാനിക്കുന്നതും ചിന്തയല്ലെന്നും ഇ പി ജയരാജൻ അഭിപ്രായപ്പെട്ടു. യുവജനകമ്മീഷന്റെ അഭിനന്ദനീയമായ പ്രവർത്തനങ്ങൾ കണ്ട് അസഹിഷ്ണുക്കളായ ആളുകൾ ചിന്ത ജെറോമിനെ വ്യക്തിഹത്യ നടത്തുകയാണ്. വളർന്നു വരുന്ന നേതൃത്വത്തെ മാനസികമായി തളർത്തി ഇല്ലാതാക്കി കളയാമെന്നത് ഒരു കോൺഗ്രസ് അജണ്ടയാണെന്നും ഇ പി ജയരാജൻ ആരോപിക്കുന്നു. തെറ്റുകൾ വന്നുചേരാത്തവരായി ആരുമില്ല മനുഷ്യരിൽ. ഒരുപാട് ശരികൾ ചെയ്യുന്നതിനിടയിൽ അറിയാതെ ചില പിഴവുകൾ വന്നുചേരാം. അതെല്ലാം മനുഷ്യസഹജമാണ്. എഴുത്തിലും വാക്കിലും പ്രയോഗങ്ങളിലും എല്ലാം തെറ്റുപറ്റാത്തവരായി ആരെങ്കിലും ഉണ്ടോയെന്നും കവിയുടെ പേരിൽ ചിന്തയ്ക്കുണ്ടായ പിഴവിനെ ഇ പി ന്യായീകരിക്കുന്നു.

ഫേസ്ബുക്ക് പോസ്റ്റിന്റെ പൂർണരൂപം

വളർന്നു വരുന്ന ഒരു യുവ വനിതാ നേതാവിനെ, ഒരു മഹിളാ നേതാവിനെ മന:പൂർവ്വം സ്ഥാപിത ലക്ഷ്യങ്ങൾ വെച്ചുകൊണ്ട് വേട്ടയാടുകയാണ്. അതിന്റെ ഭാഗമായി പലതരത്തിലുള്ള ആക്ഷേപങ്ങളും ഉയർത്തിവിടുകയാണ്. യുവജന കമ്മീഷൻ ചെയർപേഴ്സണിന്റെ ശമ്ബളം നിശ്ചയിക്കുന്നതും ആനുകൂല്യങ്ങൾ തീരുമാനിക്കുന്നതും ചിന്തയല്ല. അത് ഗവൺമെന്റിന്റെ പൊതുനയത്തിന്റെ ഭാഗമായാണ്. അതിന്റെ പേരിൽ ചിന്തയെ വേട്ടയാടാൻ പലരും രംഗത്ത് ഇറങ്ങി. യുവജനകമ്മീഷന്റെ അഭിനന്ദനീയമായ പ്രവർത്തനങ്ങൾ കണ്ട്, സാമൂഹ്യ രാഷ്ട്രീയ സാസംസ്കാരിക രംഗത്ത് നടത്തുന്ന ഇടപെടലുകൾ കണ്ട് അസഹിഷ്ണരായ ആളുകൾ ചിന്ത ജെറോമിനെ വ്യക്തിഹത്യ നടത്തുകയാണ്. ഈ വേട്ടയാടലിന്റെ ഭാഗമായാണ് ഒരോ കാര്യങ്ങളും തേടിപ്പിടിക്കുന്നതും വസ്തുതകൾ അന്വേഷിക്കാതെയുള്ള നീക്കങ്ങൾ നടത്തുന്നതും. ഇത്തരം നീചമായ പ്രവർത്തനങ്ങളിലൂടെ, നിരന്തര വേട്ടയാടലിലൂടെ, വിദ്യാർത്ഥി രംഗത്തും യുവജനരംഗത്തും ശക്തമായ സാന്നിദ്ധ്യമായി വളർന്നു വരുന്ന ഒരു മഹിളാ നേതാവിനെ തളർത്തിക്കളയാമെന്നും തകർത്ത് കളയാമെന്നും ആരും വ്യാമോഹിക്കണ്ട. വളർന്നുവരുന്ന നേതൃത്വത്തെ മാനസീകമായി തളർത്തി ഇല്ലാതാക്കി കളയാമെന്നത് ഒരു കോൺഗ്രസ് അജണ്ടയാണ്. സിപിഐഎമ്മിന്റെ ഭാഗമായി നേതൃനിരയിലേക്ക് വളർന്നു വരുന്ന ആളുകളെ ഒരോരുത്തരേയും തെരെഞ്ഞുപിടിച്ച് അക്രമിക്കുക, അതിലൂടെ അവരുടെ രാഷ്ട്രീയപരമായ വളർച്ചയെ തടയുക എന്നതൊക്കെ ഈ അജണ്ടയിൽ വരും. ഇത് അങ്ങേയറ്റം അപലപനീയമാണ്. തെറ്റുകൾ വന്നുചേരാത്തവരായി ആരുമില്ല മനുഷ്യരിൽ. ഒരുപാട് ശരികൾ ചെയ്യുന്നതിനിടയിൽ അറിയാതെ ചില പിഴവുകൾ വന്നുചേരാം. അതെല്ലാം മനുഷ്യസഹജമാണ്. എഴുത്തിലും വാക്കിലും പ്രയോഗങ്ങളിലും എല്ലാം തെറ്റുപറ്റാത്തവരായി ആരെങ്കിലും ഉണ്ടോ?. ഇത്തരത്തിലുള്ള കാര്യങ്ങളെ മനുഷ്യത്വപരമായി സമീപിക്കാതെ അതിനെ ഉപയോഗിച്ച് അവരെ ആക്രമിക്കുക എന്നതാണ് ചിന്തക്ക് നേരെ നടക്കുന്നത്. ഒരോന്നിനെ കുറിച്ചും നിരീക്ഷണം നടത്താനും പരിശോധനകൾ നടത്താനും അതിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങളെ വിശകലനം ചെയ്യാനും എല്ലാം അതോറിറ്റികൾ ഈ രാജ്യത്തുണ്ട്. അങ്ങിനെയാണ് കാര്യങ്ങളിൽ നിഗമനത്തിലെത്തുന്നത്. അതെല്ലാം







# നമുക്ക് ലോകത്തെ മനസിലാക്കാനും ലോകത്തിനു നമ്മെ മനസിലാക്കാനും ബിനാലെ വേദിയൊരുക്കുന്നു: മന്ത്രി പി രാജീവ്

**കൊച്ചി:** കോവിഡ് മഹാമാരിക്കുശേഷം നടക്കുന്ന കൊച്ചി ബിനാലെയ്ക്ക് മികച്ച നിലയിലുള്ള പങ്കാളിത്തം ഇതിനകം ലഭിച്ചതായി വ്യവസായ, നിയമ മന്ത്രി പി രാജീവ്. അവിസ്മരണീയ അനുഭവമാണ് ബിനാലെ സമ്മാനിക്കുന്നതെന്നും കലാപ്രദർശനം കണ്ടശേഷം ഫോർട്ടുകൊച്ചി ആസ്പിൻവാൾ ഹൗസിൽ അദ്ദേഹം പ്രതികരിച്ചു.ബിനാലെയുടെ ഇത്തവണത്തെ പ്രമേയം തന്നെ വളരെ പ്രധാനപ്പെട്ടതാണ്. 'നമ്മുടെ സിരകളിൽ ഒഴുകുന്ന മഷിയും തീയും' എന്ന ക്യൂറേറ്റർ ഷുബിഗി റാവുവിന്റെ പ്രസ്താവനയിലെ വാക്കുകൾ തന്നെ കൂടിച്ചേരുമ്പോൾ മനോഹരമായ പ്രതിഷ്ഠാപന (ഇൻസ്റ്റലേഷൻ)മായി തീരുന്നുണ്ട്; ഒരു പദ പ്രതിഷ്ഠാപനം. ഇന്നത്തെ കാലത്തെ പ്രതിഫലിപ്പിക്കുന്ന വാക്കുകളും വാചകവും രാഷ്ട്രീയ പ്രത്യയ ശാസ്ത്ര ഉള്ളടക്കം കൊണ്ട് സമ്പന്നമാണ്. അത് തീർത്തും ശരിവയ്ക്കുന്ന, പ്രകടമാക്കുന്ന ചിത്രങ്ങളും സങ്കേതങ്ങളും ദൃശ്യങ്ങളുമാണ് ബിനാലെ വേദികളിൽ.ഒരാളും ഒഴിവാക്കി കളയരുതാത്ത ഈ കലാമേളയുടെ മറ്റൊരു സവിശേഷത കേരളത്തിലെ മലയാളി കലാകാരന്മാർക്കുവേണ്ടി മാത്രമായി 'ഇടം' എന്ന പ്രത്യേക വിഭാഗമുണ്ടെന്നതാണ്. അത് ലോകകലയോടൊപ്പം മലയാളത്തിന്റെ തനത് കലാവിഷ്കാരത്തെയും പ്രോത്സാഹിപ്പിക്കുന്നതാണ്. അത്തരം വസ്തുതകൾ ലോകത്തെ അറിയിക്കാനും ഉതകുന്നു. നമുക്ക് ലോകത്തെ മനസിലാക്കുന്നതിനും ലോകത്തിനു നമ്മെ മനസിലാക്കുന്നതിനും ബിനാലെ വേദിയൊരുക്കുന്നു. സ്റ്റുഡന്റ്സ് ബിനാലെ പുതുതലമുറയെ കലയിലേക്ക് ആകർഷിക്കുന്നതാണ്. ലോകത്തെ ബിനാലെകളിൽ പ്രധാനപ്പെട്ട ഒന്നായി കൊച്ചി ബിനാലെ മാറുകയാണ്. ബിനാലെകൾക്ക് തുടക്കമിട്ട വെനീസിലെ ബിനാലെ കണ്ട അനുഭവവുമായി തട്ടിച്ചുനോക്കുമ്പോൾ അതിനോട് കിടപിടിക്കാനാകുന്ന തലത്തിലേക്ക് കൊച്ചി ബിനാലെ വളർന്നിരിക്കുന്നു എന്നത് മലയാളിക്ക് അഭിമാനകരമാണെന്നും മന്ത്രി പറഞ്ഞു.ഭാര്യ വാണി കേസരി, മുൻമേയർ കെ ജെ സോഹൻ എന്നിവരും മന്ത്രി രാജീവിനൊപ്പം ഉണ്ടായിരുന്നു. മന്ത്രിയെയും സംഘത്തെയും ബിനാലെ ഫൗണ്ടേഷൻ പ്രസിഡന്റ് ബോസ് കൃഷ്ണമാചാരി സ്വീകരിച്ചു. പ്രദർശനവേദിയിൽ കണ്ടുമുട്ടിയ ജർമ്മൻ അംബാസഡർ ഡോ ഫിലിപ്പ് അക്കർമാനുമായി മന്ത്രി കുശലം പങ്കിട്ടു.

# 'അശ്വമേധ'ത്തെ സ്മരിക്കാതെ കുഷ്ഠരോഗ നിയന്ത്രണം പൂർണ്ണമാവില്ല: മന്ത്രി പി.പ്രസാദ്

**അലപ്പുഴ:** 'രോഗം ഒരു കുറ്റമല്ല' എന്ന തോപ്പിൽ ഭാസിയുടെ നാടകത്തിലെ സംഭാഷണത്തെ ഓർക്കാതെ കുഷ്ഠരോഗ നിയന്ത്രണത്തെ പറ്റി കേരളത്തിൽ സംസാരിക്കുന്നത് ഉചിതമല്ലെന്ന് കൃഷി മന്ത്രി പി. പ്രസാദ് പറഞ്ഞു. കുഷ്ഠരോഗ നിർമാർജന പക്ഷാചരണവുമായി ബന്ധപ്പെട്ട് നടത്തുന്ന സ്പർശ് 2023-ന്റെ ജില്ലാതല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.പണ്ടുകാലങ്ങളിൽ പലരും ഇത്തരം രോഗം വരുമ്പോൾ കൃത്യമായി ചികിത്സിക്കാതെ ദൈവത്തിന്റെ കോപം കൊണ്ടാണെന്ന് വിശ്വസിച്ച് മുന്നോട്ടു പോയിരുന്നു. അസുഖം ഉണ്ടെന്ന് പുറത്തു പറയാൻ പോലും മടിച്ച ഒരു കാലമുണ്ടായിരുന്നു. ഈ വേളയിലാണ് തോപ്പിൽ ഭാസി അശ്വമേധം എന്ന നാടകം രചിക്കുന്നത്. രോഗം ഒരു കുറ്റമാണോ എന്ന ചോദ്യം കേരളത്തിലെ ലക്ഷക്കണക്കിന് മനുഷ്യ മനസ്സുകളിലേക്കാണ് തറച്ച് കയറിയത്. ഇതൊരു വലിയ മാറ്റത്തിനാണ് തുടക്കം കുറിച്ചത്.- മന്ത്രി പറഞ്ഞു.ഇന്ന് കുഷ്ഠരോഗത്തിന് മരുന്നുകൾ ഉണ്ട്. തുടക്കത്തിലേ കണ്ടെത്തി ചികിത്സിച്ചാൽ രോഗം പൂർണമായും ഭേദമാക്കാവുന്ന അവസ്ഥയാണുള്ളത്. ഏറ്റവും മികച്ച കുഷ്ഠരോഗ ചികിത്സ കേന്ദ്രങ്ങളിൽ ഒന്നാണ് ആലപ്പുഴ ജില്ലയിലെ നൂറനാട് ലെപ്രസി സാനിറ്റോറിയം. ഈ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ പലർക്കും ഒരു പ്രചോദനമാണ്. തീർച്ചയായും എല്ലാവരും ചേർന്ന് പരിശ്രമിച്ചാൽ ഈ രോഗത്തെ പൂർണമായും നമുക്കുടയിൽ നിന്നും ഇല്ലാതാക്കാൻ സാധിക്കും.- മന്ത്രി പറഞ്ഞു.ചേർത്തല രാജീവ് ഗാന്ധി മുനിസിപ്പൽ ടൗൺ ഹാളിൽ നടക്കുന്ന ചടങ്ങിൽ നഗരസഭാധ്യക്ഷ ഷേർളി ഭാർഗവൻ അധ്യക്ഷത വഹിച്ചു. ജില്ല പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരി മുഖ്യപ്രഭാഷണം നടത്തി. ജില്ല മെഡിക്കൽ ഓഫീസ്, ജില്ല ലെപ്രസി യൂണിറ്റ്, ചേർത്തല താലൂക്ക് ആശുപത്രി എന്നിവ സംയുക്തമായാണ് പരിപാടി നടത്തുന്നത്. ജില്ല മെഡിക്കൽ ഓഫീസർ ഡോ. ജമുന വർഗീസ് ആരോഗ്യ സന്ദേശം നൽകി.നഗരസഭ വൈസ് ചെയർപേഴ്സൺ ടി.എസ്. അജയകുമാർ, എൻ.എച്.എം. പ്രോഗ്രാം മാനേജർ ഡോ. കെ.ആർ. രാധാകൃഷ്ണൻ, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷരായ ലിസി ടോമി, എ.എസ്. സാബു, അംഗങ്ങളായ പി. ഉണ്ണികൃഷ്ണൻ, ഡോ. അനു വർഗീസ്, ആശുപത്രി സൂപ്രണ്ട് ഡോ.എൻ. അനിൽകുമാർ തുടങ്ങിയവർ പങ്കെടുത്തു. തുടർന്ന് കുഷ്ഠരോഗ നിർമാർജനവും സുസ്ഥിര വികസന ലക്ഷ്യങ്ങളും എന്ന വിഷയത്തിൽ സെമിനാർ നടത്തി. ഡോ. എ.ആർ. ഷൈജു വിഷയം അവതരിപ്പിച്ചു. ഐ. ചിത്ര മോഡറേറ്ററായി. പക്ഷാചരണം ഫെബ്രുവരി 13 - ന് സമാപിക്കും.



# ജൈവ വൈവിധ്യ സംരക്ഷണവും വെല്ലുവിളികളും സെമിനാറിന് തുടക്കമായി

ജൈവ വൈവിധ്യ സംരക്ഷണവും വെല്ലുവിളികളും സെമിനാറിന് തുടക്കമായി. കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡും പടന്നക്കാട് നെഹ്റു കോളേജ് ജൈവ വൈവിധ്യ ക്ലബ്ബും സംയുക്തമായാണ് നാഷണൽ സെമിനാർ സംഘടിപ്പിച്ചത്. പടന്നക്കാട് നെഹ്റു കോളേജ് കോൺഫറൻസ് ഹാളിൽ നടന്ന പരിപാടി കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് അംഗം കെ.വി.ഗോവിന്ദൻ ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പാൾ ഡോ.കെ.വി. മുരളി അധ്യക്ഷത വഹിച്ചു. സുവോളജി ഡിപ്പാർട്ട്മെന്റ് എച്ച്.ഒ.ഡി ഡോ.എൻ.ടി. സുപ്രിയ, എസ്.ഇ.ആർ.ബി നാഷണൽ പോസ്റ്റ്-ഡോക്ടറൽ ഫെലോ ഡോ.സന്ദീപ് ദാസ്, ബോട്ടണി ഡിപ്പാർട്ട്മെന്റ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. കെ.സുബ്രഹ്മണ്യ പ്രസാദ് എന്നിവർ ക്ലാസ്സെടുത്തു. ഐ.ക്യൂ.എ.സി കോർഡിനേറ്റർ ഡോ.ടി.ദിനേശ്, സുവോളജി ഡിപ്പാർട്ട്മെന്റ് എച്ച്.ഒ.ഡി ഡോ.എൻ.ടി. സുപ്രിയ, കെ.എസ്.ബി.ബി ജില്ലാ കോർഡിനേറ്റർ വി.എം.അഖില എന്നിവർ സംസാരിച്ചു. ബയോഡൈവേഴ്സിറ്റി ക്ലബ്ബ് കോർഡിനേറ്റർ ഡോ.അഗ്രേഷ്യസ് തോമസ് സ്വാഗതവും ഹിസ്റ്ററി ഡിപ്പാർട്ട്മെന്റ് അസിസ്റ്റന്റ് പ്രൊഫസർ സി.പി.രാജീവൻ നന്ദിയും പറഞ്ഞു.



# ബിനാലെയിൽ 'സോയിൽ അസംബ്ലി' നാളെ മുതൽ

**കൊച്ചി:** ആവാസവ്യവസ്ഥകളും സഹവർത്തിത്വവും ജൈവബോധനവും ഉൾപ്പെടെ സമഗ്രമായി വിലയിരുത്തുന്ന 'സോയിൽ അസംബ്ളി' നാളെ (ഫെബ്രുവരി ഒന്ന്) മുതൽ കൊച്ചി മുസിരിസ് ബിനാലെയുടെ ഭാഗമായി നടക്കും. അഞ്ചു ദിവസം നീളുന്ന അസംബ്ലിയിൽ അന്താരാഷ്ട്ര പ്രശസ്തർ പങ്കെടുക്കുന്ന സെമിനാറുകളും വീഡിയോ - സിനിമ പ്രദർശനങ്ങളും ചർച്ചകളും ശിൽപശാലകളും ഉണ്ടാകും.നാളെ മുതൽ മൂന്നു വരെ ഫോർട്ടുകൊച്ചി കബ്രാൾ യാർഡിലെ ബിനാലെ പവിലിയനയിൽ ഉച്ചയ്ക്ക് ഒന്നുമുതലും നാല്, അഞ്ച് തീയതികളിൽ വൈകിട്ട് അഞ്ചുമുതലുമാണ് അസംബ്ലിയുടെ ഭാഗമായ പരിപാടികൾ. പ്രമുഖ കലാപ്രവർത്തകർ, ഡിസൈനർമാർ, ക്യൂറേറ്റർമാർ, വാസ്തുവിദ്യ വിദഗ്ധർ, വിദ്യഭ്യാസ വിചക്ഷണർ, സാമൂഹ്യ പ്രവർത്തകർ, കർഷകർ, വിവര സാങ്കേതിക വിദ്യ വിദഗ്ധർ ഉൾപ്പെടെയുള്ളവരുടെ അന്താരാഷ്ട്ര സംഗമത്തിന് വേദിയാകുന്ന സോയിൽ അസംബ്ലി മീന വാരി, എവൻ ചാഡ്റോണ്റ്റ്, മായ മിൻഡർ, നീൽ വൈറ്റ് എന്നിവരാണ് ക്യൂറേറ്റ് ചെയ്യുന്നത്.ആഗോള പരിസ്ഥിതിയിലെ വ്യതിയാനങ്ങളുടെ പശ്ചാത്തലത്തിൽ ഭാവിയെക്കുറിച്ചുള്ള പരിചിന്തനമായ ഇക്കോളജിക്കൽ ഫ്യൂച്ചേഴ്സ്, ലിവിംഗ് പ്രോജക്ട്സ് ആൻഡ് കമ്മ്യൂണിറ്റീസ്, ലിവിംഗ് പെഡഗോഗീസ്, ഭക്ഷ്യ വിതരണവും കാലാവസ്ഥാമാറ്റവും സമുദ്ര വാണിജ്യവും, മണ്ണ് ആവാസവ്യവസ്ഥകൾ തുടങ്ങിയ വിഷയങ്ങൾ അസംബ്ലിയുടെ പരിഗണനയ്ക്കും വിശകലനത്തിനും ഉണ്ടാകും. വെസ്റ്റ്മിൻസ്റ്റർ യൂണിവേഴ്സിറ്റിയുടെ സെന്റർ ഫോർ റിസർച്ച് ആൻഡ് എഡ്യൂക്കേഷൻ ആൻഡ് മീഡിയ, മേക്കറി.ഇൻഫോ, ഫ്യൂച്ചർ ഓഫ് ട്രാൻസ്പോർട്ടേഷൻ, ലബോറട്ടറി പ്ലാനറ്റ്.ഓർഗ്, ഹാക്റ്റേരിയ.ഓർഗ്, സൃഷ്ടി മണിപ്പാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർട്ട്, ഡിസൈൻ ആൻഡ് ടെക്നോളജിയിലെ സെന്റർ ഫോർ എക്സ്പെരിമെന്റൽ മീഡിയ ആൻഡ് ആർട്ട്സ് എന്നിവയുടെ പങ്കാളിത്തത്തോടെയാണ് ബിനാലെ ഫൗണ്ടേഷൻ സോയിൽ അസംബ്ലി സംഘടിപ്പിക്കുന്നത്. സോയിൽ അസംബ്ലിയുടെ ഭാഗമായി കബ്രാൾ യാർഡ് ആർട്ട്റൂമിൽ ഫെബ്രുവരി രണ്ട്, മൂന്ന് തീയതികളിൽ രാവിലെ പത്തുമുതൽ ഒന്നുവരെ രണ്ടു ശിൽപശാലകൾ നടക്കും. പത്തു വയസിനു മുകളിലുള്ളവർക്കായി നടത്തുന്ന 'ലിവിങ് സ്കൾപ്ച്ചർ' എന്ന ശിൽപശാല ആസ്ത ചൗഹാൻ നയിക്കും.18വയസിനു മേലുള്ളവരെ ലക്ഷ്യമിടുന്ന 'ത്രീ സിസ്റ്റേഴ്സ് ആൻഡ് മോർ' ശിൽപശാലയ്ക്ക് നേതൃത്വം നൽകുന്നത് സുരേഷ് കുമാറാണ്.



# മോർഗൻ റൊമാനോ പുതിയ മിസ്സ് യു എസ് എ 22

**അലബാമ:**മിസ് യൂണിവേഴ്സ് 2022-ൽ വിജയിച്ചതിന് ശേഷം, ആർ ബോണി ഗബ്രിയേൽ ങശൈ ഡടഅ 2022 എന്ന പദവിയിൽ നിന്ന് പിന്മാറി , പ്രാദേശിക മത്സരത്തിനിടെ ബോണിയുടെ എതിരാളികളിലൊരാളായ മോർഗൻ റൊമാനോ വെള്ളിയാഴ്ച ജനുവരി 27 ന് മിസ്സ് യു എസ് എ 22 കിരീടമണിഞ്ഞുസോഷ്യൽ നെറ്റ് വർക്കുകൾ വഴി, നിർമ്മാണ കമ്പനിയായ ആർപിഎം, ഈ വെള്ളിയാഴ്ച മിസ് യൂണിവേഴ്സ് 2022 ജേതാവ് ദേശീയ മത്സരത്തിൽ രണ്ടാം സ്ഥാനത്തെത്തിയ മിസ് നോർത്ത് കരോലിനയെ കിരീടമണിയിക്കാൻ അലബാമയിലെ ഓബർണിലുള്ള ഗോഗ് പെർഫോമിംഗ് ആർട്സ് സെന്ററിൽ പങ്കെടുക്കുമെന്ന് അറിയിച്ചു. അമേരിക്കയുടെ പുതിയ രാജ്ഞി.മിസ്സ് യൂണിവേഴ്സ് കിരീടം നേടിയതിനാൽ, ആർ'ബോണി ഗബ്രിയേലിന് പ്രധാനപ്പെട്ട പ്രതിബദ്ധതകൾ നിറവേറ്റാനുണ്ട്, അതിനാൽ കഴിഞ്ഞ ജനുവരി 14 ന് മിസ് ടെക്സസ് ഉപേക്ഷിച്ച പ്രാദേശിക ചുമതലകൾ റൊമാനോ ഏറ്റെടുക്കേണ്ടിവരും.പുതിയ രാജ്ഞി 'മിസ് യൂണിവേഴ്സിൽ മത്സരിക്കില്ല' എന്നും മിസ് യുഎസ്എ 2022 ന്റെ ചുമതലകൾ മാത്രമേ നിറവേറ്റൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്, എന്നിരുന്നാലും ഒരു അപവാദം ഉണ്ടാകാനുള്ള സാധ്യതയുണ്ടെങ്കിലും മിസ് യൂണിവേഴ്സിൻറെ അടുത്ത പതിപ്പിന് അവർ സ്ഥാനാർത്ഥിയാകും

# നാല് വർഷം കൂടി ബൈഡന് ലഭിക്കില്ലെന്ന് ഉറപ്പാക്കുമെന്ന് ട്രമ്പ്

**ന്യൂയോർക്ക് :** ബൈഡൻ അമേരിക്കയെ നാശത്തിന്റെയും തകർച്ചയുടെയും അതിവേഗ പാതയിലാക്കിയെന്നും ഇനി നാല് വർഷം കൂടി ബൈഡന് ലഭിക്കില്ലെന്ന് ഉറപ്പാക്കുമെന്നും മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് .2024 പ്രസിഡൻഷ്യൽ തിരഞ്ഞെടുപ്പിനുള്ള പ്രചാരണ പരിപാടികൾക്ക് തുടക്കം കുറിച്ച് സൗത്ത് കാരലൈനയിലെ കൊളംബിയയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.യു.എസ് പ്രസിഡന്റ് ജോ ബൈഡൻ അമേരിക്കയെ മൂന്നാം ലോകമഹായുദ്ധത്തിന്റെ വക്കിലെത്തിച്ചെന്നും ട്രംപ് കുറ്റപ്പെടുത്തി.റഷ്യ - യുക്രെയിൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിലാണ് ട്രംപിന്റെ പരാമർശം. ' ദുർബലമായ സമീപനത്തിലൂടെയും സാമർത്ഥ്യമില്ലായ്മയിലൂടെയും ജോ ബൈഡൻ നമ്മെ മൂന്നാം ലോകമഹായുദ്ധത്തിന്റെ വക്കിലെത്തിച്ചു. താൻ പ്രസിഡന്റായാൽ ശക്തിയിലൂടെ സമാധാനത്തെ വീണ്ടെടുക്കും.24 മണിക്കൂറിനുള്ളിൽ സമാധാന കരാറുണ്ടാക്കാൻ തനിക്കാകും ' ട്രംപ് പറഞ്ഞു.






# ജാവ 42, യെസ്ഡി റോഡ്സ്റ്റർ മോട്ടോർസൈക്കിളുകൾ പുതിയ നിറങ്ങളിൽ

**കൊച്ചി:** ജാവയെസ്ഡി മോട്ടോർസൈക്കിൾസ്, ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്ന തങ്ങളുടെ രണ്ട് മോഡലുകളായ ജാവ 42 സ്പോർട്സ് സ്ട്രൈപ്പ്, യെസ്ഡി റോഡ്സ്റ്റർ എന്നിവയിൽ പുതിയ നിറങ്ങൾ അവതരിപ്പിച്ചു. പുതിയ കോസ്മിക് കാർബൺ ഷേഡാണ് ജാവ 42 സ്പോർട്സ് സട്രൈപ്പിന്. ഗ്ലോസ് ഫിനിഷിലുള്ള ക്രിംസൺ ഡ്യുവൽ ടോൺ ആണ് യെസ്ഡി റോഡ്സ്റ്റർ ശ്രേണിയിലേക്ക് ചേർത്തിരിക്കുന്നത്. ജാവ 42 കോസ്മിക് കാർബണിന് 1,95,142 രൂപയും, യെസ്ഡി റോഡ്സ്റ്റർ ക്രിംസൺ ഡ്യുവൽ ടോണിന് 2,03,829 രൂപയുമാണ് ഡൽഹി എക്സ്ഷോറൂം വില.ഈ രണ്ട് പുതിയ നിറങ്ങളും ജാവ, യെസ്ഡി ബ്രാൻഡുകളെ കൂടുതൽ പ്രോൽസാഹിപ്പിക്കുന്ന ഘട്ടത്തിലേക്ക് നയിക്കുന്നുവെന്ന് ജാവ യെസ്ഡി മോട്ടോർസൈക്കിൾസ് സിഇഒ ആഷിഷ് സിങ് ജോഷി പറഞ്ഞു, വരും വർഷത്തിൽ ജാവ, യെസ്ഡി ഉൽപ്പന്ന ശ്രേണിയിലേക്ക് കൂടുതൽ ത്രില്ലുകളും ആനന്ദവും നൽകുന്നതിന് തങ്ങൾ ആവേശഭരിതരാണെന്നും അദ്ദേഹം പറഞ്ഞു.ലികിഡ് കൂൾഡ്, ഫ്യൂവൽ ഇഞ്ചക്റ്റഡ്, ഡിഒഎച്ച്സി സിംഗിൾ സിലിണ്ടർ എഞ്ചിനാണ് യെസ്ഡി റോഡ്സ്റ്ററിന്, ഇത് 29.7 പിഎസ് പവറും 28.95 എൻഎം പീക്ക് ടോർക്കും നൽകുന്നു. ജാവ 42 2.1 ന് സമാനമായ കോൺഫിഗറേഷനിൽ 294.72 സിസി എഞ്ചിൻ ഉണ്ട്, അത് 27.32 പിഎസ് പവറും 26.84 എൻഎം പീക്ക് ടോർക്കും നൽകുന്നു. രണ്ട് മോട്ടോർസൈക്കിളുകളും സ്ലിക്ക്ഷിഫ്റ്റിങ് സിക്സ് സ്പീഡ് ട്രാൻസ്മിഷനോടെയാണ് വരുന്നത്, യെസ്ഡി റോഡ്സ്റ്ററിന് എ ആൻഡ് എസ് ക്ലച്ച് ഫീച്ചറുമുണ്ട്. കമ്പനിക്ക് നിലവിൽ ഇന്ത്യയിലുടനീളം 400 ടച്ച് പോയിന്റുകളുണ്ട്, ഈ വർഷാവസാനത്തോടെ 500 ഔട്ട്ലെറ്റുകൾ പൂർത്തീകരിക്കാനും ലക്ഷ്യമിടുന്നു.

# അദാനി ഗ്രൂപ്പിന്റെ ഓഹരികൾ കുത്തനെ ഇടിഞ്ഞു: നഷ്ടം 5.38 ലക്ഷം കോടി



ഹിൻഡൻബർഗ് റിസർച്ചുമായുള്ള പോരാട്ടം രൂക്ഷമായതിനെ തുടർന്ന് അദാനി ഗ്രൂപ്പിന്റെ ഓഹരികൾ ഇന്നും കുത്തനെ ഇടിഞ്ഞു.മൂന്ന് ദിവസത്തിനുള്ളിൽ കമ്പനികളുടെ ഓഹരി വിപണി നഷ്ടം 66 ബില്യൺ ഡോളറായി.ഹിൻഡൻബർഗ് റിപ്പോട്ട് തള്ളി അദാനി ഗ്രൂപ്പ് രംഗത്തെത്തിയപ്പോൾ ചില ഓഹരികൾ ഉയർന്നെങ്കിലും വീണ്ടും ഇടിയുകയാണ്.അദാനി ടോട്ടൽ ഗ്യാസ് ലിമിറ്റഡും അദാനി ട്രാൻസ്മിഷൻ ലിമിറ്റഡും 20 ശതമാനം വരെ വീണ്ടും ഇടിഞ്ഞു.ശതകോടീശ്വരനായ ഗൗതം അദാനിയുടെ മുൻനിരയായ കമ്പനികളായ അദാനി എന്റർപ്രൈസസ് ലിമിറ്റഡും അദാനി പോർട്ട്സ് ആൻഡ് സ്പെഷ്യൽ ഇക്കണോമിക് സോൺ ലിമിറ്റഡും ഹിൻഡൻബർഗിന്റെ തട്ടിപ്പ് ആരോപണങ്ങളെ തള്ളിപ്പറഞ്ഞതോടെ വിപണിയിൽ മുന്നേറി.20000 കോടി രൂപ സമാഹരിക്കാനുള്ള അദാനി ഗ്രൂപ്പിന്റെ ഫോളോ-ഓൺ പബ്ലിക് ഓഫറിംഗ് നടന്നുകൊണ്ടിരിക്കുകയാണ്.അദാനി ഗ്രൂപ്പിനെതിരെ വന്ന ഹിൻഡൻബർഗ് റിസർച്ചിന്റെ തട്ടിപ്പ് ആരോപണങ്ങൾ വസ്തുതാ വിരുദ്ധമാണെന്ന് അദാനി ഗ്രൂപ്പ് ആരോപിച്ചിരുന്നു.റിപ്പോർട്ട് അദാനി ഗ്രൂപ്പിന് എതിരെ മാത്രമല്ല ഇന്ത്യയ്ക്ക് എതിരെയുള്ള കരുതിക്കൂട്ടിയുള്ള ആക്രമണമാണെന്ന് അദാനി ഗ്രൂപ്പ് ആരോപിച്ചു. ഹിൻഡൻബർഗ് റിപ്പോർട്ട് പുറത്ത് വന്നതിന് പിറകെ ഓഹരി വിപണിയിൽ കനത്ത ഇടിവാണ് അദാനി ഗ്രൂപ്പ് ഓഹരികൾ നേരിട്ടത്.ഓഹരി വിപണിയിൽ അദാനി ഗ്രൂപ് ഓഹരികളുടെ വില പെരുപ്പിച്ച് കാണിക്കുകയാണ് എന്നും 85 ശതമാനത്തോളം ഉയർന്ന തുകയിലാണ് അദാനി ഗ്രൂപ്പ് ഓഹരികളുടെ വ്യാപാരം നടക്കുന്നതെന്നും റിപ്പോർട്ടിൽ പറയുന്നു.88 ചോദ്യങ്ങളാണ് ഹിൻഡൻബർഗിന്റെ റിപ്പോർട്ടിലുള്ളത്. ഇതിൽ 65 ചോദ്യങ്ങളോട് മാത്രമാണ് അദാനി ഗ്രൂപ്പ് പ്രതികരിച്ചിട്ടുള്ളത്.

# ബോബി ചെമ്മണൂർ ഇന്റർനാഷണൽ ജ്വല്ലേഴ്സ് പട്ടാമ്പി ഷോറൂം ഉദ്ഘാടനം ചെയ്തു

**പാലക്കാട്:** സ്വർണാഭരണ രംഗത്ത് 160 വർഷത്തെ വിശ്വസ്ത പാരമ്പര്യമുള്ള ബോബി ചെമ്മണൂർ ഇന്റർനാഷണൽ ജ്വല്ലേഴ്സിന്റെ ഏറ്റവും പുതിയ ഷോറൂം പട്ടാമ്പിയിൽ പ്രവർത്തനമാരംഭിച്ചു.812 കി.മീ. റൺ യുനീക് വേൾഡ് റെക്കോർഡ് ഹോൾഡറും ലോകസമാധാനത്തിനുള്ള ഗിന്നസ് വേൾഡ് റെക്കോർഡ് ജേതാവുമായ ബോചെയും (ഡോ. ബോബി ചെമ്മണൂർ) സിനിമാതാരം മംമ്ത മോഹൻദാസും ചേർന്ന് ഷോറൂം ഉദ്ഘാടനം ചെയ്തു. ഡയമണ്ട് സെക്ഷൻ ഉദ്ഘാടനം വി.കെ. ശ്രീകണ്ഠൻ എം.പി നിർവ്വഹിച്ചു.ഡയമണ്ട് ആദ്യ വിൽപ്പന മുഹമ്മദ് മുഹസിൽ എം.എൽ.എയും ഗോൾഡ് ആദ്യവിൽപ്പന ഒ. ലക്ഷ്മിക്കുട്ടിയും (പട്ടാമ്പി മുൻസിപ്പൽ ചെയർപേഴ്സൺ) നിർവ്വഹിച്ചു. ടി.പി. ഷാജി (മുൻസിപ്പൽ വൈസ് ചെയർമാൻ), വാർഡ് കൗൺസിലർമാരായ കവിത പി.കെ., മോഹൻ കെ., ആനന്ദവല്ലി, ശ്രീനിവാസൻ, മഹേഷ്, ഹമീദ്, പ്രമീള, മുനീറ, സംഗീത പ്രമോദ്, ടി. ഗോപാലകൃഷ്ണൻ (സിപിഐഎം ഏരിയ സെക്രട്ടറി), കെ.ആർ. നാരായണസ്വാമി (വാർഡ് കൗൺസിലർ, കോൺഗ്രസ് ബ്ലോക്ക് പ്രസിഡന്റ്), സി. അനിൽകുമാർ (ബിജെപി മണ്ഡലം ജനറൽ സെക്രട്ടറി), മുജീബ് റഹ്മാൻ (സിപിഐ ലോക്കൽ സെക്രട്ടറി), കെ. പി. വാപ്പുട്ടി (മുസ്ലീം ലീഗ് മണ്ഡലം പ്രസിഡണ്ട്), സിദ്ധീഖ് പത്രാസ് (വ്യാപാരി വ്യവസായി ഏകോപന സമിതി യൂണിറ്റ് പ്രസിഡന്റ്), മൊയ്തു വി. (ഗോൾഡ് അസോസിയേഷൻ ജില്ലാ ജനറൽ സെക്രട്ടറി), ഷെരീഫ് (ഗോൾഡ് അസോസിയേഷൻ യൂണിറ്റ് പ്രസിഡന്റ്), വിജയൻ മാസ്റ്റർ (പ്രിൻസിപ്പൽ, പട്ടാമ്പി ജി.എച്ച്.എസ്.എസ്.), കെ.എം.എ. ജലീൽ (പി.ടി.എ. പ്രസിഡന്റ്, പട്ടാമ്പി ജി.എച്ച്.എസ്.എസ്.), സിനിമാതാരം വി.കെ. ശ്രീരാമൻ (പിആർഒ, ബോബി ഗ്രൂപ്പ്) എന്നിവർ ചടങ്ങിൽ ആശംസകളറിയിച്ചു. അനിൽ സി.പി. (മാർക്കറ്റിംഗ് ജനറൽ മാനേജർ, ബോബി ഗ്രൂപ്പ്) സ്വാഗതവും ജോജി എം.ജെ. (ബോബി ചെമ്മണൂർ ഇന്റർനാഷണൽ ജ്വല്ലേഴ്സ് പിആർഒ) നന്ദിയും അറിയിച്ചു. പട്ടാമ്പിയിലെ തിരഞ്ഞെടുക്കപ്പെട്ട നിർദ്ധനരായ രോഗികൾക്കുള്ള ബോചെ ഫാൻസ് ചാരിറ്റബിൾ ട്രസ്റ്റിന്റെ ധനസഹായം ചടങ്ങിൽ ബോചെ വിതരണം ചെയ്തു.ഉദ്ഘാടനം കാണാനെത്തിയവരിൽ നിന്നും നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കപ്പെട്ട 5 പേർക്ക് സ്വർണനാണയങ്ങൾ സമ്മാനമായി നൽകി. ഉദ്ഘാടനമാസം നിത്യേനയുള്ള നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന ഭാഗ്യശാലികൾക്ക് സ്വർണനാണയങ്ങൾ, ബോബി ഓക്സിജൻ റിസോർട്ടിൽ സൗജന്യ താമസം എന്നീ സമ്മാനങ്ങൾ. സ്വർണാഭരണങ്ങൾക്ക് പണിക്കൂലി 3 % മുതൽ ആരംഭിക്കുന്നു. ആദ്യം പർച്ചേയ്സ് ചെയ്യുന്ന 25 വിവാഹപാർട്ടികൾക്ക് വജ്രമോതിരം സമ്മാനം. ലോകോത്തര ഡയമണ്ട് ആഭരണങ്ങളുടെ അത്യപൂർവ്വ ശേഖരവും ഷോറൂമിൽ ഒരുക്കിയിരിക്കുന്നു. കൂടാതെ ഡയമണ്ട് ആഭരണങ്ങൾക്ക് പണിക്കൂലിയിൽ 50 ശതമാനം വരെ കിഴിവും ലഭിക്കും. 50000 രൂപയ്ക്ക് മുകളിലുള്ള ഡയമണ്ട് പർച്ചേയ്സുകൾക്ക് സ്വർണനാണയങ്ങൾ, സ്മാർട്ട് വാച്ച്, മൊബൈൽ ഫോൺ എന്നീ സമ്മാനങ്ങൾ. 6 മാസം വരെ തിരിച്ചടവ് കാലാവധിയിൽ സ്വർണം, ഡയമണ്ട് ആഭരണങ്ങൾ തവണ വ്യവസ്ഥയിൽ ഷോറൂമിൽ നിന്ന് വാങ്ങാവുന്നതാണ്. പെരിന്തൽമണ്ണ റോഡിൽ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്ക്കൂളിന് എതിർവശത്താണ് ഷോറൂം പ്രവർത്തിക്കുന്നത്.

# പൊതുമേഖലാ ഓഹരി വിറ്റഴിക്കൽ; ലക്ഷ്യം ഇത്തവണയും അകലെ

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിൽപ്പനയിലൂടെ ലക്ഷ്യമിട്ട തുക ഈ സാമ്പത്തിക വർഷവും കേന്ദ്രത്തിന് നേടാനാവില്ല.കഴിഞ്ഞ നാല് സാമ്പത്തിക വർഷങ്ങളിലും ലക്ഷ്യത്തിലെത്തുന്നതിൽ കേന്ദ്രം പരാജയപ്പെട്ടിരുന്നു. 2022-23 കാലയളവിൽ കേന്ദ്രം ലക്ഷ്യമിട്ടത് 65,000 കോടി രൂപ സമാഹരിക്കാനാണ്.എന്നാൽ ഈ സാമ്പത്തിക വർഷം അവസാനിക്കാൻ ഒരു മാസം മാത്രം അവശേഷിക്കേ 31,100 കോടി രൂപമാത്രമാണ് സമാഹരിച്ചത്. അതായത് ബജറ്റിൽ പ്രഖ്യാപിച്ച തുകയുടെ 48 ശതമാനം മാത്രം. അതിൽ 20,560 കോടിയും എൽഐസിയുടെ പ്രാരംഭ ഓഹരി വിൽപ്പനയിലൂടെ (ഐപിഒ) നേടിയതാണ്. ആക്സിസ് ബാങ്കിലെ ഓഹരി വിറ്റതിലൂടെ 3,839 കോടിയാണ് കേന്ദ്രത്തിന് ലഭിച്ചത്. ഒഎൻജിസി, ഐആർസിടിസി എന്നിവയിലെ ഓഹരി വിൽപ്പനയിലൂടെ (ഒഎഫ്എസ്) യഥാക്രമം 3026.23 കോടി രൂപ, 2723.73 കോടി രൂപ എന്നിങ്ങനെ നേടാനായി.നിലവിലെ സാഹചര്യത്തിൽ ഓഹരി വിൽപ്പനയിലൂടെ 40,000 കോടി രൂപയ്ക്ക് മുകളിൽ ഇത്തവണ കേന്ദ്രത്തിന് കത്തൊൻ സാധിക്കില്ല. ലക്ഷ്യം നേടാൻ സാധിക്കാത്ത സ്ഥിതിക്ക് വരുന്ന ബജറ്റിൽ (202324) ഓഹരി വിൽപ്പനയിലൂടെ 35,000-40,000 രൂപയോ അതിൽ താഴെയോ മാത്രമേ ലക്ഷ്യം വെക്കുവെന്നാണ് വിലയിരുത്തൽ. 2024ലെ പൊതുതിരഞ്ഞെടുപ്പ് കണക്കിലെടുത്ത് പൊതുമേഖല സ്ഥാപനങ്ങളുടെ വിറ്റഴിക്കൽ വേഗത കുറച്ചേക്കും.അടുത്ത സാമ്പത്തിക വർഷം ഐഡിബിഐ ബാങ്കിന്റെ സ്വകാര്യവത്കരണം ഉാവും. ഷിപ്പിംഗ് കോർപറേഷൻ, ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ് (ആഎൽ), ബിപിസിഎൽ, എൻഎംഡിസി സ്റ്റീൽ, എച്ച്എൽഎൽ ലൈഫ്കെയർ, പ്രോജക്ട് ആൻഡ് ഡെവലപ്മെന്റ് ഇന്ത്യ ലിമിറ്റഡ് തുടങ്ങിയ സ്ഥാപങ്ങളുടെ ഓഹരി വിൽപ്പനയ്ക്കും ക്യാബിനറ്റ് അംഗീകാരം ലഭിച്ചിട്ട്. ബജറ്റിൽ പുതിയ വിറ്റഴിക്കലുകൾ പ്രഖ്യാപിക്കുന്നതിന് പകരം അംഗീകാരാം കിട്ടിയവയിലെ നടപടി ക്രമങ്ങൾ പൂർത്തിയാക്കാനാവും ഇത്തവണ കേന്ദ്രം ശ്രമിക്കുക.

കേരള പ്രണാമം



# 'ലവ്ഫുളി യുവേഴ്സ് വേദ': ക്യാറ്റവസ് ചിത്രവുമായി ശ്രീനാഥ് ഭാസി

ശ്രീനാഥ് ഭാസി കേന്ദ്രകഥാപാത്രത്തെ അവതരിപ്പിക്കുന്ന ഏറ്റവും പുതിയ ചിത്രമാണ് 'ലവ്ഫുളി യുവേഴ്സ് വേദ'. ക്യാമ്പസ് പശ്ചാത്തലത്തിൽ ഒരുങ്ങുന്ന ചിത്രം സംവിധാനം ചെയ്തിരിക്കുന്നത് നവാഗതനായ പ്രഗേഷ് സുകുമാരനാണ്.ഒരു ക്യാമ്പസ് കാലഘട്ടത്തെ പുനഃസൃഷ്ടിച്ച് കലാലയത്തിന്റെ സൗഹൃദങ്ങളുടെയും പ്രണയത്തിന്റെയും വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെയും ഗൃഹാതുരമായ അദ്ധ്യായങ്ങളിലൂടെ സഞ്ചരിക്കുന്ന ചിത്രമായിരിക്കും ഇതെന്ന് അണിയറക്കാർ പറയുന്നു.വെങ്കിടേഷ്, രജിഷ വിജയൻ, അനിഘ സുരേന്ദ്രൻ, രഞ്ജിത് ശേഖർ, ചന്തുനാഥ്, അർജുൻ അശോക്, ഷാജു ശ്രീധർ, ശരത് അപ്പാനി, നില്‍ജ കെ ബേബി, ശ്രുതി ജയൻ തുടങ്ങിയവർക്കൊപ്പം തമിഴ് സംവിധായകൻ ഗൗതം വസുദേവ് മേനോനും ചിത്രത്തിൽ ഒരു പ്രധാന കഥാപാത്രത്തെ അവതരിപ്പിച്ചിരിക്കുന്നു.ആർ ടു എന്റർടൈയ്മെന്റിന്റെ ബാനറിൽ രാധാകൃഷണൻ കല്ലായിൽ, റുവിൻ വിശ്വം എന്നിവർ ചേർന്നാണ് ചിത്രത്തിൻറെ നിർമ്മാണം. ഛായാഗ്രഹണം ടോബിൻ തോമസും ബാബു വൈലത്തൂർ ചിത്രത്തിൻറെ രചന നിർവ്വഹിച്ചിരിക്കുന്നു. റഫീക്ക് അഹമ്മദ്, രതി ശിവരാമൻ, ധന്യ സുരേഷ് മേനോൻ എന്നിവരുടെ വരികൾക്ക് രാഹുൽ രാജാണ് സംഗീതം.സഹനിർമ്മാണം അബ്ദുൾ സലിം, പ്രൊജക്ട് ഡിസൈനർ വിബീഷ് വിജയൻ, ലൈൻ പ്രൊഡ്യൂസർ ഹാരിസ് ദേശം, കലാസംവിധാനം സുഭാഷ് കരുൺ, മേക്കപ്പ് ആർ ജി വയനാടൻ, വസ്ത്രാലങ്കാരം അരുൺ മനോഹർ, സ്റ്റിൽസ് റിഷാജ് മുഹമ്മദ്, എഡിറ്റിംഗ് സോബിൻ സോമൻ, പരസ്യകല യെല്ലോ ടൂത്ത്സ്, കളറിസ്റ്റ് ലിജു പ്രഭാകരൻ, ചീഫ് അസോസിയേറ്റ് ഡയറക്ടർ നിതിൻ സി സി, പ്രൊഡക്ഷൻ കൺട്രോളർ റിന്നി ദിവാകരൻ. പി ആർ ഒ- എ എസ് ദിനേശ്.






# നടി ആനി വേഴ്ഷിങ് അന്തരിച്ചു

**കാലിഫോർണിയ:** നടി ആനി വേഴ്ഷിങ് അന്തരിച്ചു. അർബുദത്തെ തുടർന്നായിരുന്നു അന്ത്യം. 45 വയസ്സായിരുന്നു. ആനി വേഴ്ഷിങിന്റെ മാനേജർ ക്രേഗ് ഷിനേയ്ഡറാണ് മരണവിവരം പുറത്തുവിട്ടത്.ടെലിവിഷൻ സീരീസുകളിലൂടെയാണ് ആനി വേഴ്ഷിങ് പ്രശസ്തയായത്. 2002ൽ പുറത്തിറങ്ങിയ സ്റ്റാർ ട്രെക്ക്: എന്റർപ്രൈസിലൂടെയായിരുന്നു അഭിനയരംഗത്തിന് തുടക്കമിട്ടത്. ഏയ്ഞ്ചൽ, കോൾഡ് കേസ്, 24, നോ ഓർഡിനറി ഫാമിലി, ഡൗട്ട് തുടങ്ങി അമ്പതോളം സീരീസുകളിൽ വേഷമിട്ടു. ബ്രൂസ് ഓൾമെറ്റി, ബിലോ ദി ബെൽറ്റ് വേ തുടങ്ങിയവയാണ് അഭിനയിച്ച സിനിമകൾ.





# സോളോ ട്രിപ്പ് ചിത്രങ്ങളുമായി ആൻഡ്രിയ

തമിഴ്, മലയാളം, ഹിന്ദി സിനിമകളിലെല്ലാം തന്റെ സാന്നിധ്യം തെളിയിച്ച താരമാണ് ആൻഡ്രിയ ജെർമിയ. പിന്നണി ഗായികയായി സിനിമയിലെത്തിയ ആൻഡ്രിയ പിന്നീട് അഭിനയത്തിലേക്ക് കടക്കുകയായിരുന്നു.ഡാൻസർ, മ്യൂസിക് കമ്ബോസർ, മോഡൽ എന്നീ നിലകളിലും ആൻഡ്രിയ തന്റെ കഴിവു തെളിയിച്ചിട്ടുണ്ട്.'അന്നയും റസൂലും' എന്ന ചിത്രമാണ് മലയാളി പ്രേക്ഷകർക്കിടയിൽ ആൻഡ്രിയയെ സുപരിചിതയാക്കിയത്. ലോഹം, ലണ്ടൻ ബ്രിഡ്ജ്, തോപ്പിൽ ജോപ്പൻ തുടങ്ങിയ മലയാളം ചിത്രങ്ങളിലും ആൻഡ്രിയ അഭിനയിച്ചിരുന്നു.സോഷ്യൽ മീഡിയയിൽ സജീവമായ താരം ബാലിയിൽ നിന്നുള്ള യാത്രാചിത്രങ്ങളാണ് ഇപ്പോൾ പങ്കുവച്ചിരിക്കുന്നത്. ആൻഡ്രിയ ഒറ്റയ്ക്കാണ് ബാലിയിലേക്ക് യാത്ര നടത്തിയതെന്നാണ് വ്യക്തമാകുന്നത്. ക്രോപ്പ് ടോപ്പും ഷോർട്സുമാണ് താരം അണിഞ്ഞിരിക്കുന്നത്. ചിത്രങ്ങളെല്ലാം അടിപൊളിയാണെന്ന് ആരാധകർ കമന്റ് ബോക്സിൽ പറയുന്നു.തമിഴ് സിനിമയിൽ തിരക്കുള്ള നായികയായിരുന്ന ആൻഡ്രിയ കുറച്ചുകാലം സിനിമയിൽ നിന്നും അകന്നു നിന്നിരുന്നു. കടുത്ത വിഷാദരോഗം കാരണമാണ് താൻ ബ്രേക്ക് എടുത്തതെന്നായിരുന്നു ആൻഡ്രിയയുടെ വെളിപ്പെടുത്തൽ. വിവാഹിതനായ ഒരു വ്യക്തിയുമായുള്ള പ്രണയബന്ധവും അതിൽ നിന്നും നേരിട്ട പീഡനങ്ങളുമാണ് തന്നെ വിഷാദരോഗത്തിൽ എത്തിച്ചതെന്നും രോഗത്തെ മറികടക്കാൻ ആയുർവേദവും യോഗയുമാണ് തന്നെ സഹായിച്ചതെന്നും ആൻഡ്രിയ തുറന്നു പറഞ്ഞിരുന്നു.എന്നാൽ സിനിമയിലും സംഗീതത്തിലും വീണ്ടും സജീവമായിരിക്കുകയാണ് ആൻഡ്രിയ ഇപ്പോൾ. പിസാസ് 2, കാ, മാലികൈ, നോ എൻട്രി എന്നിവയാണ് ആൻഡ്രിയയുടെ പുതിയ ചിത്രങ്ങൾ.

# അഞ്ച് ദിവസം കൊണ്ട് 500 കോടി നേടി 'പഠാൻ'

**മുംബൈ:** ഷാരൂഖ് ഖാൻ നായകനായ പഠാൻ ബോളിവുഡിന് ഇനി ഒരിക്കലും മറക്കാൻ ആവില്ല. കൊവിഡ് കാലത്ത് തകർന്നുപോയ ഹിന്ദി ചലച്ചിത്ര വ്യവസായ മേഖലയെ ട്രാക്കിലേക്ക് തിരിച്ചെത്തിക്കുന്നതിൽ മറ്റ് ഒന്നാംനിര താരങ്ങളൊക്കെ പരാജയപ്പെട്ടിടത്താണ് ഷാരൂഖ് വിജയം നേടിയത്പരാജയത്തുടർച്ചകൾക്ക് ശേഷം കരിയറിൽ ബോധപൂർവ്വം എടുത്ത നാല് വർഷത്തെ ഇടവേളയ്ക്കു ശേഷമാണ് ഒരു ഷാരൂഖ് ചിത്രം തിയറ്ററുകളിൽ എത്തുന്നത് എന്നതും കൌതുകകരമാണ്. റിപബ്ലിക് ദിന തലേന്ന് തിയറ്ററുകളിലെത്തിയ ചിത്രം പല ബോക്സ് ഓഫീസ് റെക്കോർഡുകളും തകർക്കുന്നുണ്ട്.ഇപ്പോൾ അഞ്ച് ദിവസത്തെ കളക്ഷൻ വിവരങ്ങളാണ് പുറത്ത് എത്തിയിരിക്കുന്നത്. ബോക്സ് ഓഫീസ് ട്രേഡ് അനലിസ്റ്റ് തരൺ ആദർശാണ് പുതിയ കണക്കുകൾ പുറത്തുവിട്ടത്. ഇന്ത്യൻ സിനിമയിൽ ഏറ്റവും വേഗത്തിൽ 500 കോടി എന്ന റെക്കോഡാണ് ഇപ്പോൾ പഠാൻ ഇട്ടിരിക്കുന്നത്.റിലീസായി ആദ്യ ഞായറാഴ്ച ഇന്ത്യൻ ബോക്സ്ഓഫീസിൽ നിന്നും പഠാൻ നേടിയത് 60 കോടിയാണ് എന്നാണ് റിപ്പോർട്ട്. ആഗോളതലത്തിൽ ഇതുവരെയുള്ള കളക്ഷൻ നോക്കിയാൽ അഞ്ച് ദിവസത്തിൽ 545 കോടി രൂപ പഠാൻ കളക്ട് ചെയ്തുവെന്നാണ് വിവരം. ഇതുവരെ പഠാൻ ഇന്ത്യയിൽ കളക്ട് ചെയ്തത് 335 കോടി രൂപയാണ്. വിദേശ ബോക്സ്ഓഫീസിൽ നിന്നും നേടിയത് 207 കോടിയാണ്.അടുത്ത ദിവസങ്ങളിൽ ഈ പ്രകടനം തുടർന്നാൽ ഏറ്റവും കൂടുതൽ പണം ഇന്ത്യൻ ബോക്സ്ഓഫീസിൽ നിന്നും കളക്ട് ചെയ്ത ബോളിവുഡ് ചിത്രം എന്ന റെക്കോഡും പഠാൻ തകർത്തേക്കും. നിലവിൽ ആമിർ ഖാന്റെ ദംഗൽ ആണ് ഈ നേട്ടത്തിൽ 387 കോടിയാണ് ദംഗലിന്റെ നേട്ടം.ഷാരൂഖ് ഖാന്റെ കരിയറിലെ ഏറ്റവും വലിയ പണം വാരിപ്പടമായിരിക്കുകയാണ് പഠാൻ എന്നാണ് വിവരം. അഞ്ചിൽ നാല് ദിവസവും ഇന്ത്യൻ ബോക്സ് ഓഫീസിൽ 50 കോടിയിലേറെയാണ് പഠാൻ കളക്ട് ചെയ്തത്. നോർത്ത് അമേരിക്ക ബോക്സ് ഓഫീസിൽ മികച്ച കളക്ഷൻ നേടിയ 5 ചിത്രങ്ങളിൽ ഇപ്പോൾ പഠാൻ ഇടം നേടിയിട്ടുണ്ട്. 695 സ്ക്രീനുകളിൽ നിന്ന് 5.9 മില്യൺ ഡോളറുമായി




പത്താൻ നോർത്ത് അമേരിക്കയിൽ നിന്നും നേടിയത്.



# ലഖ്നൗവിൽ പിച്ചൊരുക്കിയ ക്യൂറേറ്ററെ നീക്കി, ഐപിഎല്ലിന് പുതിയ പിച്ച്

ഇന്ത്യ-ന്യൂസിലൻഡ് രണ്ടാം ടി20 മത്സരത്തിലെ വേദിയായ ലഖ്നൗ ഏക്നാ സ്റ്റേഡിയത്തിലെ പിച്ച് തയാറാക്കിയ ക്യൂറേറ്ററെ ബിസിസിഐ നീക്കിയതായി റിപ്പോർട്ട്. ഐ.പി.എല്ലിനു മുൻപ് സ്റ്റേഡിയത്തിലെ ഒൻപത് പിച്ചുകളും മാറ്റി സ്ഥാപിക്കുമെന്നാണ് വിവരം. പിച്ച് ഒരുക്കിയ സുരേന്ദർ കുമാറിനെ പുറത്താക്കിയതായി 'ഇന്ത്യൻ എക്സ്പ്രസ്' റിപ്പോർട്ട് ചെയ്തു. സുരേന്ദറിന് പകരം ഗ്വാളിയോറിൽനിന്നുള്ള സഞ്ജീവ് കുമാറിനെ പിച്ച് ക്യുറേറ്ററായി നിയമിച്ചിട്ടുണ്ട്.ഇന്ത്യൻ ഇന്നിംഗ്സിലെ 18 ഓവറും ന്യൂസിലൻഡ് സ്പിന്നർമാരെക്കൊണ്ടാണ് പൂർത്തിയാക്കിയത്.ഐപിഎല്ലിൽ ലഖ്നൗ സൂപ്പർ ജയന്റ്സിന്റെ ഹോം മത്സരങ്ങൾക്കായി പുതിയ ക്യൂറേറ്റർക്ക് കീഴിലാവും പിച്ച് ഒരുക്കുക എന്നും റിപ്പോർട്ടിൽ പറയുന്നു. രണ്ടാം ടി20 മത്സരത്തിന് വേദിയായ ലഖ്നൗവിലെ പിച്ചിനെതിരെ രൂക്ഷ വിമർശനവുമായി ഇന്ത്യൻ നായകൻ ഹാർദ്ദിക് പാണ്ഡ്യ മത്സരശേഷം പരസ്യമായി രംഗത്തെത്തിയിരുന്നു.മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്ത ന്യൂസിലൻഡ് 20 ഓവറിൽ ഒമ്പത് വിക്കറ്റ് നഷ്ടത്തിൽ 99 റൺസ് മാത്രമടിച്ചപ്പോൾ ചെറിയ വിജയലക്ഷ്യം പിന്തുടർന്ന ഇന്ത്യ 19.5 ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിലാണ് ലക്ഷ്യത്തിലെത്തിയത്. ഓരോ മത്സരങ്ങൾ വിതം ജയിച്ച് ഇരു ടീമുകളും പരമ്പരയിൽ ഒപ്പത്തിനൊപ്പമാണ്. നാളെ ജയിക്കുന്നവർക്ക് ടി20 പരമ്പര സ്വന്തമാക്കാം.

EDITORS CHOICE



# 600 ഡോളർ വിലയുള്ള പെയിന്റിംഗിൽ പക്ഷി കാഷ്ഠിച്ചു; ലേലത്തിൽ വിറ്റുപോയത് 3 മില്ല്യൺ ഡോളറിന്

വെറും 600 ഡോളർ വിലയ്ക്ക് വാങ്ങിയ ചിത്രത്തിൽ പക്ഷി കാഷ്ഠിച്ചപ്പോൾ ആ ചിത്രത്തിനു ലഭിച്ചത് 3 മില്ല്യൺ ഡോളർ. ലോക പ്രശസ്ത ചിത്രകാരൻ സർ ആന്തണി വാൻ ഡൈക്കിന്റെ ചിത്രത്തിനാണ് വമ്പൻ തുക ലഭിച്ചത്.17ആം നൂറ്റാണ്ടിലാണ് ഈ പെയിന്റിംഗ് വരക്കപ്പെട്ടത്. അന്ന് 600 ഡോളറായിരുന്നു ഈ ചിത്രത്തിന്റെ വില. പിന്നീട് ഈ പെയിന്റിംഗ് ന്യൂയോർക്കിലെ കിൻഡർഹുക്കിലെ ഒരു ഫാമിൽ ഉപേക്ഷിപ്പെട്ടു. പക്ഷിക്കാഷ്ഠം കൊണ്ട് ആകെ വൃത്തികേടായ നിലയിലാണ് ചിത്രം തിരികെ ലഭിച്ചത്. തുടർന്നായിരുന്നു ലേലം. 1615നും 1618നുമിടയിൽ വരക്കപ്പെട്ടതാണ് ചിത്രമെന്ന് കരുതപ്പെടുന്നു.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com